# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

director.ksad@kerala.gov.in

# കാവിലുംപാറ ഗ്രാമപഞ്ചായത്ത്

# 2017-18 വർഷത്തെ

# ഓഡിറ്റ് റിപ്പോർട്ട്

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് കോഴിക്കോട് ജില്ലാ

ജോയിന്റ് ഡയറക്ടറുടെ കാര്യാലയം

e-mail:dokkd.ksad@kerala.gov.in

(രജിസ്റ്റർ ചെയ്ത കൈപ്പറ്റു ചീട്ടു സഹിതം)

നം . കെ.എസ്.എ.കെ.കെ.ഡി. പി.8/267/2019

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജോയിന്റ് ഡയറക്ടറുടെ കാര്യാലയം

കോഴിക്കോട് ജില്ല.

തീയതി.15.03.2019

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് സെക്രട്ടറി മുഖേന

കാവിലുംപാറ ഗ്രാമ പഞ്ചായത്ത്

സർ,

വിഷയം : കാവിലുംപാറ ഗ്രാമപഞ്ചായത്ത് -2017- 18സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്

************************************

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4)എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം കാവിലുംപാറ ഗ്രാമപഞ്ചായത്തിന്റെ 2017-18 സാമ്പത്തികവർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 2ലെയും ഭാഗം 3ലെ യും ഖണ്ഡികകളിലേയ്ക്ക് പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20,23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക)

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

<u>പകർപ്പ് :</u>

1)സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടർ,തിരുവനന്തപുരം(ഉപരിപത്രം സഹിതം)

2)പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ

3)കാര്യാലയ പകർപ്പ്

നം.കെ.എസ്.എ./കെ.കെ.ഡി/പി. 8/267/2019 തീയതി- 15.03.2019

## കോഴിക്കോട് ജില്ലയിലെ കാവിലുംപാറ ഗ്രാമപഞ്ചായത്തിന്റെ 2017-18സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്

(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4) , 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

കോഴിക്കോട് ജില്ലയിലെ കാവിലും പാറ ഗ്രാമപഞ്ചായത്തിന്റെ 2017-18 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. പഞ്ചായത്തിന്റെ 15/08/2017 മുതൽ 18/01/2019 വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപന യോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർനടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

എ) ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | |
|---|---|
| ഓഡിറ്റിന് ചുമലതപ്പെട്ട ഉദ്യോഗസ്ഥൻ | ശ്രീ. സതീഷ്മാവേലി പുത്തൻവീട്<br>ഡെപ്യൂട്ടി ഡയരക്ടർ |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | 18/02/2019 മുതൽ 28/02/2019 വരെ |
| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ | ശ്രീ.ബാലകൃഷ്ണൻ കെ.എം,ഓഡിറ്റ് ഓഫീസർ |
| | ശ്രീമതി. ഇന്ദുകല സി.വി,സീ.ഗ്രേ.ഓഡിറ്റർ |
| | ശ്രീ.ശ്രീജിത് കെ.വി,ഓഡിറ്റർ |
| | ശ്രീ.വിജേഷ് കെ,ഓഡിറ്റർ |

സി)നിർവ്വഹണോദ്യോഗസ്ഥർ

| ഉദ്യോഗപ്പേര് | പേര് | കാലയളവ |
|---|---|---|
| സെക്രട്ടറി | ഖദീജ കെ.ടി. | 01/04/2017 മുതൽ 26/05/2017 വരെ |
| | സജീവൻ എം.സി (ഇൻചാർജ്) | 27/05/2017 മുതൽ 03/07/2017 വരെ |
| | ഉദയഭാനു എം.പി. | 04/07/2017 മുതൽ 19/07/2017 വരെ |
| | നൈസാം എസ് | 20/07/2017 മുതൽ 30/01/2018 വരെ |
| | മനോജ്കുമാർ കെ | 31/01/2018 മുതൽ 31/03/2018 വരെ |
| അസിസ്റ്റന്റ് സെക്രട്ടറി | സജീവൻ എം.സി | 01/04/2017 മുതൽ 06/12/2017 വരെ |
| | ജലജകുമാരി | 07/12/2017 മുതൽ 31/03/2018 വരെ |
| കൃഷി ഓഫീസർ | രേണു പി | 01/04/2017 മുതൽ 31/03/2018 വരെ |
| അസിസ്റ്റന്റ് എഞ്ചിനീയർ | ചന്ദ്രശേഖരൻ ടി.വി | 01/04/2017 മുതൽ 22/11/2017 വരെ |
| | ഉഷ | 23/11/2017 മുതൽ |

| | | |
|---|---|---|
| | | 31/01/2018 വരെ |
| | അമൃത കെ.വി | 01/02/2018 മുതൽ<br>20/03/2018 വരെ |
| | സനിഷ പി | 21/03/2018 മുതൽ<br>31/03/2018 വരെ |
| വെറ്ററിനറി സർജൻ | ഡോ. പ്രമോദ് | 01/04/17മുതൽ<br>31.03.2018 വരെ |
| മെഡിക്കൽ ഓഫീസർ (പി.എച്ച്.സി) | ഡോ: അർച്ചന | 01.04.2017 മുതൽ<br>14/02/2018 വരെ |
| | ഡോ:അബ്ദുൽറസാഖ് ടി | 15/02/2018 മുതൽ<br>31/03/2018 വരെ |
| മെഡിക്കൽ ഓഫീസർ , (ആയുർവേദം) | ഡോ.ആൽസി.ബി | 01.04.2017 മുതൽ<br>31/03/2018 വരെ |
| വി.ഇ.ഒ | ദിദീഷ് കെ | 01.04.2017 മുതൽ<br>31/03/2018 വരെ |
| ഐ.സി.ഡി.എസ്. സൂപ്പർവൈസർ | ജന്നി എൻ കെ | 01.04.2017 മുതൽ<br>22/09/2017വരെ |
| | ദിവ്യ | 23/09/2017മുതൽ<br>31/03.2018 വരെ |
| ഡയറി ഫാം ഇൻസ്പെക്ടർ | ശ്രീ.അഹമ്മദ്നവാസ്.പി | 01.04.2017മുതൽ<br>31.03.2018വരെ |

<u>ഉള്ളടക്കം</u>

ഈ റിപ്പോർട്ടിൽ നാല് ഭാഗങ്ങൾ ഉൾക്കൊള്ളിച്ചിട്ടുള്ളതും ഓരോ ഭാഗത്തിലും താഴെ കൊടുത്തിരിക്കുന്ന വിവരങ്ങൾ ചേർത്തിട്ടുള്ളതുമാകുന്നു.


| | |
|---|---|
| ഭാഗം-1പൊതു അവലോകനം | |
| 1-1 | ബജറ്റ് |
| 1-2 | വാർഷിക ധനകാര്യപത്രിക. |
| 1-3 | വാർഷിക ധനകാര്യ പത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നൽകിയതിന്റെ വിവരം. |
| 1-4 | സാമ്പത്തിക വിശകലനം |
| 1-5 | ഫണ്ട് വിനിയോഗം |
| 1-6 | പദ്ധതി അവലോകനം. |
| 1-7 | തൊഴിലുറപ്പ് പദ്ധതി |
| 1-8 | ക്ഷേമ പദ്ധതികൾ |
| 1-9 | ക്യാഷ് വെരിഫിക്കേഷൻ. |
| 1-10 | ആഭ്യന്തര നിയന്ത്രണം |
| 1-11 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം |
| 1-12 | വാർഷിക കണക്കുകളിലെ അപാകതകൾ |
| ഭാഗം-2 വരവ് കണക്കുകളിൻ മേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ | |
| 2-1 | പഞ്ചായതത്ത് ബസ് സ്റ്റാന്റ്, ടാക്സി സ്റ്റാന്റ് എന്നിവയിൽ നിന്നും യൂസർഫീ പിരിക്കുന്നില്ല. |
| 2-2 | ട്രേഡേഴ്സ് ലിസ്റ്റ് തയ്യാറാക്കിയിട്ടില്ല. |
| 2-3 | തൊഴിൽ നികുതി അപാകതകൾ |
| 2-4 | വസ്തു നികുതി കണക്കാക്കിയതിലെ അപാകതകൾ |
| 2-5 | പഞ്ചായത്ത് ഷോപ്പിംഗ് കോംപ്ലക്സ് – വാടകയ്ക്ക് ജി.എസ്.ടി. ഈടാക്കിയില്ല. |

| | |
|---|---|
| 2-6 | ഡി ആന്റ് ഒ. ലൈസൻസ് അപാകതകൾ |
| 2-7 | കെട്ടിടനിർമ്മാണ നിയന്ത്രണം കാര്യക്ഷമമല്ല. |
| 2-8 | പരിധിയിൽ കവിഞ്ഞ വ്യാപ്തിയുള്ള കെട്ടിടങ്ങൾക്ക് നമ്പർ അനുവദിച്ചു. |
| 2-9 | അനധികൃത കെട്ടിടം – തുടർനടപടികളില്ല. |
| ഭാഗം- 3 ചെലവ് കണക്കുകളിന്മേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ | |
| 3-1 | പൊതുമരാമത്ത് പദ്ധതികളുടെ നടത്തിപ്പിലുണ്ടായ വീഴ്ച കാരണം വൻ തുക നഷ്ടപ്പെട്ടു. |
| 3-2 | പൊതുമരാമത്ത് വർക്കിംഗ് ഗ്രൂപ്പ് കാര്യക്ഷമമായി പ്രവർത്തിച്ചില്ല |
| 3-3 | പൊതുമരാമത്ത് പദ്ധതി നിർവഹണത്തിലെ മറ്റ് അപാകതകൾ |
| 3-4 | തനത് ഫണ്ട് വിനിയോഗത്തിലെ അപാകതകൾ |
| 3-5 | തെരുവ് വിളക്കുകൾ സ്ഥാപിക്കലും റിപ്പയറും – അപാകതകൾ |
| 3-6 | അസിസ്റ്റന്റ് സെക്രട്ടറി നിർവ്വഹണം നടത്തിയ പദ്ധതികൾ |
| 3-7 | സെക്രട്ടറി നിർവ്വഹണം നടത്തിയ പദ്ധതികളിലെ അപാകതകൾ |
| 3-8 | കന്നുകുട്ടി പരിപാലനം – വിനിയോഗ വിവരം ലഭ്യമാക്കിയില്ല. |
| 3-9 | പട്ടികവർഗ്ഗവിഭാഗങ്ങൾക്ക് കുടിവെള്ളത്തിനും തൊഴിൽ പരിശീലനത്തിനുമായി ലഭിച്ച തുക നാളിതുവരെ വിനിയോഗിച്ചില്ല. |
| 3-10 | ഭിന്നശേഷിയുള്ളവർക്ക് സ്കോളർഷിപ്പ്- അർഹമായ തുക നൽകുന്നില്ല. |
| 3-11 | പാലിയേറ്റീവ് നഴ്സ് ഹോണറേറിയം – വർദ്ധിപ്പിച്ച തുക നൽകുന്നില്ല. |

| | |
|---|---|
| 3-12 | കന്നുകാലി ഇൻഷൂറൻസ് – ഗ്രാമസഭ തെരഞ്ഞെടുക്കാത്തവർക്ക് ആനുകൂല്യം നൽകി. |
| 3-13 | വീട് വാസയോഗ്യമാക്കൽ – കാലപ്പഴക്കം പരിഗണിക്കാതെ ധനസഹായം നൽകി. |
| ഭാഗം 4 പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും | |
| 4-1 | സംയുക്ത പദ്ധതികൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം |
| 4-2 | ഡെപ്പോസിറ്റ് വർക്കിന് നൽകിയ തുകയുടെ വിവരങ്ങൾ |
| 4-3 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് |
| 4-4 | വായ്പ/ വായ്പ തിരിച്ചടവ് |
| 4-5 | സ്ഥിരനിക്ഷേപങ്ങൾ |
| 4-6 | ഓഡിറ്റ് റിക്കവറി |
| 4-7 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം. |
| 4-8 | ചാർജ് /സർചാർജ് നടപടികളുടെ വിവരം |
| 4-9 | ഓഡിറ്റ് പ്രത്യവലോകനം |
| 4-10 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ |
| അനുബന്ധം | ഓഡിറ്റ് സർട്ടിഫിക്കറ്റ്. |

# ഭാഗം 1

# പൊതു അവലോകനം

## 1-1 ബജറ്റ്

25/03/2017തീയതിയിലെ 55/2017തീരുമാനപ്രകാരം 2017-18 വർഷത്തെ ബജറ്റ് അംഗീകരിച്ചു. കേരള പഞ്ചായത്ത് രാജ് നിയമപ്രകാരം ജനവരി 15 മുമ്പ് അടുത്ത സാമ്പത്തിക വർഷത്തെ വരവ് ചെലവ് (പദ്ധതിയേതരം) കണക്കുകളുടെ എസ്റ്റിമേറ്റ് സെക്രട്ടറി തയ്യാറാക്കി ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിക്ക് സമർപ്പിക്കണം. എന്നാൽ സെക്രട്ടറി നോൺപ്ലാൻ കണക്കുകളുടെ എസ്റ്റിമേറ്റ് തയ്യാറാക്കിയതായി കാണുന്നില്ല. മുഴുവൻഘടക സ്ഥാപനങ്ങളിൽ നിന്നും വിവരങ്ങൾ ശേഖരിച്ചതിന്റെ വിവരങ്ങളും ലഭ്യമല്ല. ജനവരി മാസം ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ബജറ്റ് നടപടികൾ ആരംഭിച്ചിട്ടില്ല. ഗ്രാമ പഞ്ചായത്ത് അംഗീകരിച്ച ബജറ്റും യഥാർത്ഥ വരവ് ചെലവ് കണക്കുകളും തമ്മിൽ വലിയ അന്തരമുണ്ട്.പദ്ധതി രേഖയുടെയും സെക്രട്ടറിയിൽ നിന്നും വിവിധ നിർവ്വഹണ ഉദ്യോഗസ്ഥരിൽ നിന്നും വിവിധ സ്റ്റാന്റിംഗ് കമ്മിറ്റികളിൽ നിന്നും ശേഖരിച്ച കൃത്യമായ കണക്കുകളുടെ അടിസ്ഥാനത്തിലല്ല ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ബജറ്റ് തയ്യാറാക്കിയത് എന്നാണിത് കാണിക്കുന്നത്.

ബജറ്റ് എന്നത് വെറും വരവ് ചെലവ് കണക്കുകൾ എന്നതിലുപരി സ്ഥാപനത്തിന്റെ വരും വർഷത്തെ പ്രവർത്തനങ്ങളുടെ ഒരു പ്രതീക്ഷിത രേഖയാണ്. ജനവരി 15ന മുമ്പ് ഘടക സ്ഥാപനങ്ങളിലെ ഓഫീസ് മേധാവികളുടെ യോഗം സെക്രട്ടറി വിളിച്ച് ചേർത്ത് പദ്ധതിയേതര ബജറ്റ് /പുതുക്കിയ ബജറ്റ് പ്രൊപ്പോസലുകൾ ശേഖരിക്കുന്നുവെന്നും പദ്ധതിരേഖയുടെയും സെക്രട്ടറി, വിവിധ സ്റ്റാന്റിംഗ് കമ്മിറ്റികൾ എന്നിവർ സമർപ്പിക്കുന്ന പ്രൊപ്പോസലുകളുടെയും അടിസ്ഥാനത്തിലാണ് കരട് ബജറ്റ് തയ്യാറാക്കുന്നതെന്നും ധനകാര്യസ്റ്റാന്റിംഗ് കമ്മിറ്റി ഉറപ്പാക്കേണ്ടതാണ്.

## 1-2 വാർഷികധനകാര്യപത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|
| 31/07/2018 | 16/05/2018 | - | - |

## 1-3 വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2017-18 | 13/06/18മുതൽ 14/06/2018 വരെ | 1111/2018(22) തീ.16/07/2018 |

## 1-4 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 22456701.00 |
| വരവ് | 56566143.00 |
| ആകെ | 79022844.00 |
| ചെലവ് | 73799808.00 |
| നീക്കിയിരിപ്പ് | 5223036.00 |

## 1-5 ഫണ്ട് വിനിയോഗം

| ഫണ്ടിനം | | ഒ.ബി | വരവ് | ആകെ | ചെലവ് | സി.ബി |
|---|---|---|---|---|---|---|
| വികസന ഫണ്ട്-ജനറൽ (ACR പ്രകാരം) | | - | 21205217.00 | 21205217.00 | 18210102.00 | 2995115.00 |
| വികസന ഫണ്ട്-എസ്.സി.പി (ACR പ്രകാരം) | | - | 639489.00 | 639489.00 | 639489.00 | - |
| വികസന ഫണ്ട്-ടി.എസ്.പി (ACR പ്രകാരം) | | - | 479943.00 | 479943.00 | 444062.00 | 35881.00 |
| മെയിന്റനൻസ്, റോഡ് (ACR പ്രകാരം) | | - | 6608555.00 | 6608555.00 | 6608555.00 | - |
| മെയിന്റനൻസ്, നോൺ-റോഡ് (ACR പ്രകാരം) | | - | 2258116.00 | 2258116.00 | 1650226.00 | 607890.00 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് (ACR പ്രകാരം) | | - | 2585916 | 2585916 | 2150703 | 435213.00 |
| കെ.എൽ.എസ്.ജി.ഡി.പി (ACR പ്രകാരം) | | - | 4663327.00 | 4663327.00 | 4663327.00 | - |
| എം.ജി.എൻ.ആർ.ഇ.ജി.എസ് | തൊഴിലാളികളുടെ കൂലി | - | 38146262.00 | 38146262.00 | 38146262.00 | - |
| | അഡ്മിനിസ്ട്രേറ്റീവ് ചെലവ് | 29316.00 | 1110356.00 | 1139672.00 | 1129175.00 | 10497.00 |
| ഐസിഡിഎസ് | | 1016507.00 | 634767.00 | 1651274.00 | 226794.00Mg | 1424480.00 |
| എംപിഎൽഎഡിഎസ് | | 19718.00 | 245123.00 | 264841.00 | 245123.00 | 19718.00 |
| ശുചിത്വമിഷൻ | | 2100000.00 | 1037160.00 | 3137160.00 | 2548000.00 | 589160.00 |
| ബി ഫണ്ട് | | - | 36599440.00 | 36599440.00 | 36599440.00 | - |

## 1-6 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്കുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്കുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 186 | 89239948 | 94 | 38612474 | 57 | 35 | 50.5 |

## 1-7 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരുപ്പ് |
|---|---|---|---|---|---|
| ഭരണചെലവുകൾ | 29316.00 | 1110356.00 | 1139672.00 | 1129175.00 | 10497.00 |
| ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകുന്നത് | - | 38146262.00 | 38146262.00 | 38146262.00 | - |
| ആകെ | 29316.00 | 39256618.00 | 39285934.00 | 39275437.00 | 10497.00 |

## 1-8 ക്ഷേമ പദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 81840.00 | 158 |
| കർഷകതൊഴിലാളി പെൻഷൻ | 7633800.00 | 628 |
| വിധവാപെൻഷൻ | 11089500.00 | 925 |
| വാർദ്ധക്യകാലപെൻഷൻ | 14422200.00 | 1092 |
| വികലാംഗപെൻഷൻ | 3046900.00 | 263 |
| അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ | 235200.00 | 19 |
| വിവാഹ ധനസഹായം | 90000.00 | 3 |

## 1-9 ക്യാഷ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 25/02/2019 ന് ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 36594.00 രൂപ ക്യാഷ് ബാലൻസിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-10 ആഭ്യന്തരനിയന്ത്രണം

ഓരോ സെക്ഷനും കൈപ്പറ്റുന്ന തപാലുകൾ സേവനാവകാശ നിയമപ്രകാരമുള്ള സമയപരിധിക്കകം തീർപ്പാക്കപ്പെടുന്നുണ്ടോയെന്ന് മേൽനോട്ട ചുമതലയുള്ള ഉദ്യോഗസ്ഥർ പരിശോധിച്ച് ഉറപ്പുവരുത്തുന്നതായി കാണുന്നില്ല.പിരിവ് രശീതികളുടെ കളക്ഷൻ രജിസ്റ്റർ ,പേർസണൽ രജിസ്റ്റർ ,സ്യൂട്ട് രജിസ്റ്റർ എന്നിവ മേലുദ്യോഗസ്ഥർ പരിശോധിച്ചതായി കാണുന്നില്ല. അസിസ്റ്റന്റ് എഞ്ചിനീയർ കേഷ്ബുക്ക് സൂക്ഷിച്ചിട്ടില്ല. പെർമിറ്റ് അപേക്ഷാരജിസ്റ്റർ പൂർണമല്ല. 2017-18 ൽ 5തവണ മാത്രമാണ് സ്റ്റാഫ് മീറ്റിംഗ് വിളിച്ച് ചേർത്തത്. ട്രേഡേഴ്സ് ലിസ്റ്റ് തയ്യാറാക്കിയിട്ടില്ല. സഞ്ചയ പ്രകാരം 2246 വാണിജ്യസ്ഥാപനങ്ങളുണ്ടെങ്കിലും 476 സ്ഥാപനങ്ങൾ മാത്രമാണ് ഡി&ഒ ലൈസൻസ് എടുത്തിട്ടുള്ളത്. ധനകാര്യസ്റ്റാന്റിംഗ് കമ്മിറ്റി ബജറ്റ് തയ്യാറാക്കിയതിൽ സമയക്രമം പാലിച്ചിട്ടില്ല.ഡിസംബർ 31 നകം ഘടക സ്ഥാപനങ്ങളുടെ യോഗം വിളിച്ച് ബജറ്റ് നിർദ്ദേശങ്ങൾ സ്വീകരിക്കേണ്ടതും ജനവരി ആദ്യവാരം ധനകാര്യസ്റ്റാന്റിംഗ് കമ്മിറ്റി കരട് ബജറ്റ് തയ്യാറാക്കേണ്ടതുമുണ്ട്. എന്നാൽ മുഴുവൻ ഘടക സ്ഥാപനങ്ങളിൽ നിന്നും ബജറ്റ് നിർദ്ദേശം ലഭിച്ചിട്ടില്ല.ഫെബ്രുവരിമാസമാണ് ധനകാര്യസ്റ്റാന്റിംഗ്കമ്മിറ്റി കരട് ബജറ്റ് തയ്യാറാക്കിയതായി കാണുന്നത്.

തൻവർഷത്തെ ആകെ പദ്ധതി ചെലവ് 43.26% ആണ്. അസിസ്റ്റന്റ് എഞ്ചിനീയറുടെ പദ്ധതി ചെലവ് 31.26% മാത്രമാണ്.സ്പിൽഓവർ ഉൾപ്പെടെ 100പദ്ധതികൾക്ക് അംഗീകാരം ലഭിച്ചതിൽ 47പദ്ധതികൾക്ക് മാത്രമാണ് തുക ചെലവഴിച്ചത്. 40പുതിയ പദ്ധതികൾക്ക് അഗീകാരം ലഭിച്ചതിൽ 10 എണ്ണം മാത്രമാണ് നടപ്പിലാക്കിയത്. സമഗ്രമായ പദ്ധതികൾ തയ്യാറാക്കാതെ വാർഡുകളിൽ ഒതുങ്ങി നിൽക്കുന്ന ചെറിയ പദ്ധതികൾ ഏറ്റെടുത്തതുമൂലം പദ്ധതികളുടെ എണ്ണം വർദ്ധിക്കാനും പദ്ധതിപണം പാഴാകാനും കാരണമായി.

## 1-11 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 14/12/2018 | 11/2018 | 14/01/2019 |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 23/12/2009 മുതൽ 05/01/2010 വരെ | 2004-05 മുതൽ 2008-09 വരെ | LBA (HQ)III/8A-1533/604 തീ. 10/02/2010 |

## 1-12 വാർഷികകണക്കുകളിലെ അപാകതകൾ

ഖണ്ഡിക 1-3 ൽ പരാമർശിച്ച സാക്ഷ്യപത്രത്തിൽ ഉൾപ്പെട്ട അപാകതകളിൽ ചുവടെപ്പറയുന്നവ പരിഹരിക്കുവാൻ അവശേഷിക്കുന്നു.

(1) കാലാവധി കഴിഞ്ഞ ചെക്കുകൾ Liability in respect of stale cheques എന്ന ശീർഷകത്തിലേക്ക് മാറ്റിയിട്ടില്ല.ഇത്തരത്തിൽ 6 ചെക്കുകളിലായി നൽകിയ 9600 രൂപ പ്രസ്തുത ഹെഡിലേക്ക് മാറ്റേണ്ടതുണ്ട്.

(2) രണ്ട് ഡെപ്പോസിറ്റ് പ്രവൃത്തികളിലായി തൻവർഷം ചെവഴിച്ച

471800 രൂപ (300000+171800)അഡ്വാൻസ് ടു ഇംപ്ലിമെന്റിംഗ് ഏജൻസീസ് എന്ന ശീർഷകത്തിലേക്ക് ചെലവ് രേഖപ്പെടുത്തിയിട്ടില്ല.

## ഭാഗം-2

## വരവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

### 2-1 പഞ്ചായത്ത് ബസ്സ്റ്റാന്റ്,ടാക്സി സ്റ്റാന്റ് എന്നിവയിൽ നിന്നും യൂസർഫീ പിരിക്കുന്നില്ല.

ഗ്രാമപഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള തൊട്ടിൽപാലം പ്രൈവറ്റ് ബസ് സ്റ്റാന്റ്, സ്റ്റാന്റിന് എതിർവശം സ്ഥിതിചെയ്യുന്ന ജീപ്പ് സ്റ്റാന്റ് എന്നിവയിൽ നിന്നും യൂസർഫീ ഈടാക്കുന്നില്ല. 1995 -ലെ കേരള പഞ്ചായത്ത് രാജ് (ഇറക്ക സ്ഥലങ്ങൾ, വിരാമ സ്ഥലങ്ങൾ,വണ്ടിത്താവളങ്ങൾ, മറ്റ് വാഹന സ്റ്റാന്റുകൾ) ചട്ടങ്ങൾ ചട്ടം 9 പ്രകാരം വണ്ടിത്താവളങ്ങൾക്ക് ഫീസ് ഈടാക്കേണ്ടതും ചട്ടം 20 പ്രകാരം ഫീസ് പിരിക്കുന്നതിനുള്ള അധികാരം പൊതു ലേലം വഴിയോ ചട്ടം 21 പ്രകാരം പഞ്ചായത്ത് നേരിട്ടോ ഫീസ് പിരിക്കുകയോ ചെയ്യേണ്ടതാണ്. പഞ്ചായത്തിന്റെ തനത് വരുമാനം വർധിപ്പിക്കുന്നതുമായി ബന്ധപ്പെട്ട് ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ചർച്ച നടത്തേണ്ടതും വരുമാന വർധനവിനുള്ള നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

### 2-2 ട്രേഡേഴ്സ് ലിസ്റ്റ് തയ്യാറാക്കിയിട്ടില്ല

ഗ്രാമപഞ്ചായത്തിൽ ഓഡിറ്റ് തിയ്യതിവരെ വാർഡ് അടിസ്ഥാനത്തിൽ ട്രേഡേഴ്സ് ലിസ്റ്റ് തയ്യാറാക്കിയിട്ടില്ല. 2017-18 സഞ്ചയ പ്രകാരം പഞ്ചായത്തിൽ 2246 വാണിജ്യ കെട്ടിടങ്ങൾ നിലവിലുണ്ട്. എന്നാൽ പഞ്ചായത്തിൽ 2017-18 വർഷം ഡി & ഒ ലൈസൻസിനായി അപേക്ഷിച്ചിട്ടുള്ളത് 476 പേർ മാത്രമാണ്. വാർഡ് അടിസ്ഥാനത്തിൽ ട്രേഡേഴ്സ് ലിസ്റ്റ് തയ്യാറാക്കിയിട്ടില്ല. മേൽ വസ്തുതകളിൽ നിന്ന് തന്നെ ലൈസൻസ് ഇല്ലാതെ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നു എന്ന് വ്യക്തമാണ്. വാർഡ് ചുമതലയുള്ള ഉദ്യോഗസ്ഥർ ജനപ്രതിനിധികളുടെ സഹകരണത്തിൽ ഓരോ വാർഡിലെയും കച്ചവട സ്ഥാപനങ്ങളുടെ ലിസ്റ്റ് തയ്യാറാക്കേണ്ടതും യാതൊരു സ്ഥാപനങ്ങളും പഞ്ചായത്ത് ലൈസൻസ് കൂടാതെ പ്രവർത്തിക്കുന്നില്ല എന്ന് ധനകാര്യ സാറ്റാന്റിംഗ് കമ്മിറ്റി ഉറപ്പ് വരുത്തേണ്ടതുമാണ്. ഇത് സംബന്ധിച്ച് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (21/17-18 തീ. 27/2/19) മറുപടി ലഭ്യമാക്കിയിട്ടില്ല. തുടർ നടപടി സ്വീകരിച്ച് വിശദമായ മറുപടി ഹാജരാക്കേണ്ടതാണ്.

### 2-3 തൊഴിൽ നികുതി അപാകതകൾ

തൊഴിൽ നികുതിയുമായി ബന്ധപ്പെട്ട അപാകതകൾ ചുവടെ കൊടുക്കുന്നു

1) തൊഴിലാളികളുടെ തൊഴിൽ നികതി വിവരങ്ങൾ ഉൾക്കൊള്ളുന്ന ഡിമാന്റ് രജിസ്റ്റർ തയ്യാറാക്കിയിട്ടുണ്ട്. എന്നാൽ രജിസ്റ്റർ സെക്രട്ടറി സാക്ഷ്യപ്പെടുത്തി ആധികാരികമാക്കിയിട്ടില്ല . വാർഷിക ധനകാര്യപത്രിക പ്രകാരം 1516630/- രൂപയാണ് തൊഴിൽ നികുതി തൻ വർഷത്തേക്ക് ഈടാക്കിയിരിക്കുന്നത്. എന്നാൽ തയ്യാറാക്കിയ സംക്ഷിപ്തം പ്രകാരം 1544480/- രൂപ വന്നതായാണ് ചേർത്തിരിക്കുന്നത്. ഡിമാന്റും കലക്ഷനും പൊരുത്തപ്പെടുന്നില്ല.

2) സ്ഥാപനങ്ങളുടെ തൊഴിൽ നികുതി ഡിമാന്റ് രജിസ്റ്റർ സംക്ഷിപ്തം തയ്യാറാക്കാതെയാണ് സെക്രട്ടറി സാക്ഷ്യപ്പെടുത്തിയിരിക്കുന്നത്. ഇതിനാൽതന്നെ വരവ് തുകയുടെ കൃത്യത ഉറപ്പിക്കാൻ സാധിച്ചിട്ടില്ല. വരവ് തന്നെ ഡിമാന്റ് ആയി കാണിച്ചിരിക്കുകയാണ്. കൂടാതെ ഡിമാന്റ് രജിസ്റ്റർ പ്രകാരം ചുവടെ ചേർത്ത സ്ഥാപനങ്ങൾ ഒന്നാം അർദ്ധവർഷം സ്ഥാപന തൊഴിൽ നികുതി അവാക്കിയെങ്കിലും രണ്ടാം അർദ്ധവർഷം അടവാക്കിയിട്ടില്ല. മാത്രമല്ല ടി സ്ഥാപനങ്ങൾക്കുള്ള ഡിമാന്റ് തുകയും രജിസ്റ്ററിൽ ഉൾപ്പെടുത്തിയിട്ടില്ല. കൂടാതെ ഡിമാന്റ് രജിസ്റ്ററിൽ വിവരങ്ങൾ പൂർണ്ണമായി രേഖപ്പെടുത്തിയിട്ടില്ല ഇതിനാൽ ഏതെല്ലാം സ്ഥാപനങ്ങളാണ് നികുതി ഒടുക്കിയത് എന്ന് വ്യക്തമാകുന്നില്ല.

| തൊഴിൽ നികുതി ഡിമാന്റ് രജിസ്റ്ററിലെ ക്രമ നംമ്പർ | സ്ഥാപനം | ഒന്നാം അർദ്ധവർഷം ഈടാക്കിയ സ്ഥാപന തൊഴിൽ നികുതി | രണ്ടാം അർദ്ധവർഷം ഈടാക്കിയ സ്ഥാപന തൊഴിൽ നികുതി |
|---|---|---|---|
| 107 | അസി. എക്സി.എഞ്ചിനിയർ, കെ.എസ്.ഇ.ബി | 1250 | ഈടാക്കിയിട്ടില്ല |
| 108 | മാനേജർ | 1250 | " |
| 111 | മാനേജർ | 1250 | " |
| 112 | സെക്രട്ടറി | 1250 | " |
| 114 | മാനേജർ | 1250 | " |
| 124 | പ്രിൻസിപ്പാൾ,സാൻജോസ് ഇംഗ്ളീഷ് മീഡിയം സ്കൂൾ | 1250 | " |
| 127 | കൺസ്യൂമർഫെഡ് | 1250 | " |
| 133 | മാവേലി സ്റ്റോർ, കുണ്ടതോട് | 1250 | " |

3)സ്വകാര്യ സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയില്ല

സ്വകാര്യ സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി അടവാക്കാനായി നോട്ടീസ് നൽകി നികുതി അടവാക്കാൻ ബാധ്യസ്ഥരായവരിൽ നിന്നും നികുതി ഈടാക്കിയിട്ടില്ല. ഉദാഹരണം ചുവടെ കൊടുക്കുന്നു

1) മാനേജർ, ഐ.ഒ.സി പെട്രോൾ ബങ്ക്

2) വീനസ് പെട്രോളിയം (3 പേർ)

3) മാനേജർ കള്ള്ഷാപ്പ് തൊട്ടിൽപാലം

4) മാനേജർ TodayMart

5) കാവിലുംപാറ വുഡ് ഇന്റസ്ട്രീസ് ( 5 പേർ)

6) ഹരിദാസ് ഫ്ലോർ മിൽ

7) നാഷണൽ സ്റ്റേർസ് (5 പേർ)

അപാകതയ്ക്ക് വിശദീകരണം വിശദീകരണം ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (19/17-18) മറുപടി ലഭ്യമാക്കിയിട്ടില്ല. ഓഡിറ്റ് നിർദ്ദേശം പാലിക്കേണ്ടതാണ്.

## 2-4 വസ്തു നികുതി കണക്കാക്കിയതിലെ അപാകതകൾ

പഞ്ചായത്തിൽ വസ്തുനികുതി കണക്കാക്കുമ്പോൾ 5 മീറ്ററോ അതിൽ കൂടുതലോ വീതിയുള്ള വഴിയുള്ള കെട്ടിടത്തിന് 20% നികുതി വർധനവ് വരുത്താതെ 1.5 മീറ്ററോ അതിൽ കൂടുതലോ ഉള്ള വഴിയായി കാണിച്ച് നികുതി നിർണയിച്ചതിനാൽ നികുതിയിനത്തിൽ പഞ്ചായത്തിന് നഷ്ടം ഉണ്ടാവുന്നു. ചില ഉദാഹരണങ്ങൾ ചുവടെ കൊടുക്കുന്നു.

| ക്രമ നം | കെട്ടിട നംമ്പർ | നികുതി കണക്കാക്കിയത് | യഥാർത്ഥ നികുതി | നഷ്ടം |
|---|---|---|---|---|
| 1 | 16/644A | തരം- 200 m2 ന് മുകളിലുള്ള സൂപ്പർമാർക്കറ്റ്<br>വിസ്തീർണ്ണം- 115.92m2<br>വസ്തുനികുതി നിരക്ക്- 70<br>വിസ്തീർണ്ണം<br>ഇളവ് - ഇല്ല<br>വർധനവ്- ഇല്ല<br>നികുതി- 8115+406(LC) | തരം- 200 m2 ന് മുകളിലുള്ള സൂപ്പർമാർക്കറ്റ്<br>വിസ്തീർണ്ണം- 115.92m2<br>വസ്തുനികുതി നിരക്ക്- 70<br>വിസ്തീർണ്ണം<br>ഇളവ് - ഇല്ല<br>വർധനവ്- 20% (5 mtrവഴി)<br>നികുതി- 9738+487(LC) | 1623+81 (LC) |
| 2 | 16/644B | തരം- 200 m2 ന് മുകളിലുള്ള സൂപ്പർമാർക്കറ്റ്<br>വിസ്തീർണ്ണം- 124.24m2<br>വസ്തുനികുതി നിരക്ക്- 70<br>വിസ്തീർണ്ണം<br>ഇളവ് - ബഹുനിലകെട്ടിടത്തിനുള്ള 5%<br>വർധനവ്- ഇല്ല<br>നികുതി- 8263+414(LC) | തരം- 200 m2 ന് മുകളിലുള്ള സൂപ്പർമാർക്കറ്റ്<br>വിസ്തീർണ്ണം- 124.24m2<br>വസ്തുനികുതി നിരക്ക്- 70<br>വിസ്തീർണ്ണം<br>ഇളവ് - ബഹുനിലകെട്ടിടത്തിനുള്ള 5%<br>വർധനവ്- 20% (5 mtrവഴി)<br>നികുതി- 10002+500(LC) | 1739+86 (LC) |
| 3 | 12/289A | തരം- വ്യവസായം<br>വിസ്തീർണ്ണം- 87.62m2<br>വസ്തുനികുതി നിരക്ക്- 40<br>വിസ്തീർണ്ണം<br>ഇളവ് - ഇല്ല<br>വർധനവ്- ഇല്ല<br>നികുതി- 3505+175LC) | തരം- വ്യവസായം<br>വിസ്തീർണ്ണം- 87.62m2<br>വസ്തുനികുതി നിരക്ക്- 40<br>വിസ്തീർണ്ണം<br>ഇളവ് - ഇല്ല<br>വർധനവ്- 20% (5 mtrവഴി)<br>നികുതി- 4206+210(LC) | 701+ 35 (LC) |
| | | ആകെ നഷ്ടം | | 4063+ 202 (LC) |

വസ്തു നികുതി കണക്കാക്കുന്നത് പരിശോധിക്കാൻ ഉത്തരവാദിത്തപ്പെട്ട മേലുദ്യോഗസ്ഥർ സഞ്ചയയിൽ ഡാറ്റാ എൻട്രി ചെയ്യുന്നത് കൃത്യമായി പരിശോധന നടത്തുന്നതായി കാണുന്നില്ല. ഇത്തരം അപാകതകൾ മുൻകാലങ്ങളിൽ ഉണ്ടായിട്ടുണ്ടോ എന്ന് പുന:പരിശോധിക്കേണ്ടതും നികുതികണക്കാക്കിയതിലെ കുറവ് വന്ന തുക ഈടാക്കേണ്ടതുമാണ്.

## 2-5 പഞ്ചായത്ത് ഷോപ്പിംഗ് കോംപ്ലക്സ്- വാടകയ്ക്ക് ജി.എസ്.ടി ഈടാക്കിയില്ല

2017-18 ജൂലൈ മുതൽ ജി.എസ്.ടി നിലവിൽ വന്ന സാഹചര്യത്തിൽ വാടകകെട്ടിടങ്ങളിൽ നിന്നും 18% ജി.എസ്.ടി ഈടാക്കണമെന്നിരിക്കെ ഗ്രാമപഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള 8 വാടകകെട്ടിടങ്ങളിൽ നിന്നും വാടക മാത്രമാണ് ഈടാക്കിയിരിക്കുന്നത്. സർക്കാരിലേക്ക് കിട്ടേണ്ടതായ നികുതികൾ കൃത്യമായി പിരിച്ചെടുക്കുന്നുണ്ടെന്നും അത് യഥാസമയം സർക്കാരിലേക്ക് ഒടുക്കുന്നുണ്ടന്നും ഗ്രാമപഞ്ചായത്ത് ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ഉറപ്പ് വരുത്തേണ്ടതാണ്. കുടിശ്ശിക നികുതി ഈടാക്കി സർക്കാരിലേക്ക് ഒടുക്കേണ്ടതാണ്.

## 2-6 ഡി & ഒ ലൈസൻസ് അപാകതകൾ

പഞ്ചായത്തിൽ ഡി & ഒ ലൈസൻസ് നൽകുന്നത് സംബന്ധിച്ച് ചുവടെ കൊടുത്ത അപാകതകൾ കാണുന്നു

1) സഞ്ചയപ്രകാരം 2246 വാണിജ്യകെട്ടിടങ്ങൾ ഉണ്ടായിരിക്കെ 476 പേർ മാത്രമാണ് ഓഡിറ്റ് വർഷം ഡി & ഒ ലൈസൻസിനായി അപേക്ഷിച്ചിട്ടുള്ളത്.

2) ഫീസ് അടവാക്കിയ കച്ചവ സ്ഥാപനങ്ങൾക്ക് പരിശോധന നടത്തി ലൈസൻസ് സർട്ടിഫിക്കറ്റ് നൽകിയിട്ടില്ല.

3) ലൈസൻസിനുള്ള അപേക്ഷയോടൊപ്പം വാടക എഗ്രിമെന്റ്, സാനിറ്ററി സർട്ടിഫിക്കറ്റ് എന്നിവ ഹാജരാക്കുന്നില്ല.

4) ലൈസൻസ് രജിസ്റ്ററിൽ ലൈസൻസിയെ സംബന്ധിച്ചും സ്ഥാപനത്തെ സംബന്ധിച്ചും വിശദവിവരങ്ങൾ രേഖപ്പെടുത്തുന്നില്ല.

5) മോട്ടോർ ഉപയോഗിച്ച് പ്രവർത്തിക്കുന്ന സ്ഥാപനങ്ങളിൽ നിന്നും മോട്ടോർ റണ്ണിംഗ് ഫീസ് ഈടാക്കുന്നില്ല.

ഉദാഹരണം ചുവടെ കൊടുക്കുന്നു.

| ക്രമ നം | ലൈസൻസ് നം | സ്ഥാപനം | മോട്ടോർ പവർ(HP) |
|---|---|---|---|
| 1 | 6 | മുന്നാകൈ സ്റ്റീൽ ഫർണിച്ചർ | 10 |
| 2 | 27 | കൈരളി ഫ്ളോർ മിൽ | 10 |
| 3 | 74 | കീർത്തി ഓയിൽ & ഫ്ലോർ മിൽ | 15 |
| 4 | 75 | ശക്തി ഓയിൽ മിൽ | 15 |
| 5 | 142 | അനഘ മെറ്റൽസ് വെൽഡിംഗ് യൂണിറ്റ് | 13.5 |
| 6 | 226 | സെന്റ് തോമസ് ഫ്ലോർ മിൽ | 10 |
| 7 | 231 | ഫൈവ് സ്റ്റാർ ഫ്ലോർ മിൽ | 10 |
| 8 | 273 | ഹരിദാസ് സോ മിൽ | 26 |

| | | | |
|---|---|---|---|
| 9 | 297 | കാവിലുംപാറ വുഡ് ഇന്റസ്ട്രീസ് | 35 |

അപാകതയ്ക്ക് മറുപടി ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (24/17-18) മറുപടി ലഭ്യമാക്കിയിട്ടില്ല. അപാകത പരിഹരിച്ച് മറുപടി ഹാജരാക്കേണ്ടതാണ്.

## 2-7 <u>കെട്ടിട നിർമ്മാണ നിയന്ത്രണം കാര്യക്ഷമമല്ല.</u>

2017-18 ൽ കെട്ടിട നിർമ്മാണ ചട്ടങ്ങളുമായി ബന്ധപ്പെട്ട് ലഭ്യമായ അപേക്ഷകളിൽ ഭൂരിഭാഗവും ക്രമവത്കരണവുമായി ബന്ധപ്പെട്ടവയാണ് . 2011 ലെ കേരള പഞ്ചായത്ത് ബിൽഡിംഗ് റൂളിലെ , ചട്ടം 138 ൽ കെട്ടിടങ്ങളുടെ ക്രമവത്കരണം നടത്തുന്നതിന് സെക്രട്ടറിക്കുള്ള അധികാരങ്ങൾ വ്യക്തമാക്കുന്നതിനൊപ്പം അനധികൃത കെട്ടിട നിർമ്മാണങ്ങൾ യഥാസമയം കണ്ടെത്തി തടയുന്നതിൽ സെക്രട്ടറിക്ക് ചട്ട പ്രകാരമുള്ള ഉത്തരവാദിത്തം ഒഴിവാക്കപ്പെടുന്നില്ലെന്നത് വ്യക്തമായി പരാമർശിക്കുന്നുണ്ട്. എന്നാൽ മേൽ ഉത്തരവാദിത്തം നിർവ്വഹിക്കുന്നതിൽ സെക്രട്ടറി വീഴ്ച വരുത്തി എന്നാണ് ഈ ഇനത്തിൽ ലഭ്യമാവുന്ന അപേക്ഷകളുടെ ബാഹുല്യം സൂചിപ്പിക്കുന്നത്. കെട്ടിട നിർമ്മാണവുമായി ബന്ധപ്പെട്ട് ലഭ്യമാവുന്ന അപേക്ഷകളിന്മേൽ തീരുമാനമെടുക്കുക എന്നതിനപ്പുറം ഫീൽഡ് തലത്തിലുള്ള പരിശോധനയിലൂടെ കെട്ടിടനിർമ്മാണ ചട്ടങ്ങൾ കർശനമായി നടപ്പാക്കി മനുഷ്യരുൾപ്പെടെയുള്ള ജീവജാലങ്ങളുടെയും പരിസ്ഥിതിയുടെയും സുരക്ഷിതത്വം ഉറപ്പാക്കുക എന്നത് സ്ഥാപനത്തിന്റെ പ്രധാന ചുമതലയാണ്.

ഭൂരിഭാഗം അപേക്ഷകളും കെട്ടിട നിർമ്മാണ ക്രമവത്കരണത്തിനുള്ളതാണെങ്കിലും 2017-18 ൽ പെർമിറ്റില്ലാതെ നടന്ന ഒരു നിർമ്മാണ പ്രവർത്തനം പോലും ഫീൽഡ് തല പരിശോധനക്ക് ചുമതലപ്പെട്ട ജീവനക്കാർ റിപ്പോർട്ട് ചെയ്തിട്ടില്ല. ചട്ടം 137 (3) പ്രകാരം ക്രമവത്കരണത്തിന് രജിസ്റ്റർ തയ്യാറാക്കി പ്രസ്തുത കെട്ടിടങ്ങളുടെ നിർമ്മാണം പ്രത്യേകം നിരീക്ഷിച്ചിട്ടില്ല. നടപടിക്രമങ്ങൾ പാലിക്കുന്നതിലുണ്ടായ വീഴ്ചമൂലമുണ്ടായ അപാകതകൾ ഖണ്ഡിക2-8, ഖണ്ഡിക 2-9 എന്നിവയിൽ വിശദമായി പ്രതിപാദിച്ചിട്ടുണ്ട്. മറ്റ് അപാകതകൾ ചുവടെ ചേർക്കുന്നു.

1. അപേക്ഷാ രജിസ്റ്ററിലെ മുഴുവൻ കോളങ്ങളിലും രേഖപ്പെടുത്തൽ വരുത്തുന്നതിൽ വീഴ്ച വരുത്തി. പ്രത്യേകിച്ച് നിർമ്മാണ പൂർത്തീകരണം സംബന്ധിച്ച കോളങ്ങൾ. ഇത് മൂലം കെട്ടിടങ്ങളുടെ നിർമ്മാണ പൂർത്തീകരണം നിരീക്ഷിച്ച് നികുതി കണക്കാക്കുന്നതിനോ, കാലപരിധി പിന്നിട്ട പെർമിറ്റുകൾ നിരീക്ഷിക്കുന്നതിനോ സ്ഥാപനത്തിന് സാധിച്ചില്ല.
2. കെട്ടിട നിർമ്മാണ ചട്ടങ്ങൾ, തണ്ണീർത്തട സംരക്ഷണ നിയമം തുടങ്ങി നിയമപരമായും സാങ്കേതിക പരമായും ഏറെ സങ്കീർണ്ണതകൾ നിലനിൽക്കുന്ന കെട്ടിട നിർമ്മാണ അപേക്ഷകളുമായി ബന്ധപ്പെട്ട ചുമതലകൾ നിർവ്വഹിക്കുന്നതിന് തയ്യാറാക്കിയിട്ടുള്ള സോഫ്റ്റ്‌വെയർ ഉപയോക്തൃ സൗഹൃദമല്ല. സ്കെച്ചുകൾ സ്കാൻ ചെയ്താണ് ആപ്ലിക്കേഷനിൽ അപ്‌ലോഡ് ചെയ്യുന്നത്.വലിയ അളവിലുള്ള ഡാറ്റ ശേഖരിച്ച് സൂക്ഷിക്കുന്നതിന് ബാധ്യതപെടുന്നതിനാൽ ആപ്ലിക്കേഷന്റെ പ്രവർത്തനം മന്ദഗതിയിലാdkന്നു. അപേക്ഷകൾ ചട്ടങ്ങൾ പാലിക്കപ്പെടുന്നുണ്ടോ എന്നത് ആപ്ലിക്കേഷനിൽ പ്രാഥമിക പരിശോധനക്ക് വിധേയമാക്കപ്പെടുന്നില്ല.സ്കെച്ചുകൾ സോഫ്റ്റ്‌വെയറിന്റെ സഹായത്തോടെ തയ്യാറാക്കുന്നതിന് സാധിക്കുന്നില്ല. ഇത് മൂലം സ്കാൻ ചെയ്ത വിവരങ്ങളാണ് അപ്‌ലോഡ് ചെയ്യുന്നതെന്നതിനാൽ ഡാറ്റയുടെ മേൽ അനാലിസിസിനുള്ള സാദ്ധ്യത തടയപ്പെടുന്നു. സോഫ്റ്റ്‌വെയർ മുഖേന ലഭ്യമാകുന്ന റിപ്പോർട്ടുകൾ സമ്പൂർണ്ണമല്ല. കെട്ടിട നിർമ്മാണ ചട്ടങ്ങളുമായി ബന്ധപ്പെട്ട ഭേദഗതി ഉത്തരവുകൾക്ക് അനുസൃതമായി സോഫ്റ്റ്‌വെയറുകൾ കാലികമാക്കുന്നതിൽ ഐ.കെ.എം വീഴ്ച വരുത്തിയിട്ടുണ്ട്.

അനധികൃത നിർമ്മാണങ്ങൾ, കെട്ടിട നിർമ്മാണ ചട്ടങ്ങളുടെ ലംഘനങ്ങൾ എന്നിവ യഥാ സമയം തിരിച്ചറിഞ്ഞ് നടപടികൾ സ്വീകരിക്കുന്നതിനുതകുന്ന രീതിയിൽ ഫീൽഡ് തല ജീവനക്കാരുടെ ചുമതലകൾ ഓഫീസ് ഉത്തരവ് പുറപ്പെടുവിച്ച് നൽകുന്നുണ്ടെങ്കിലും മേൽ ചുമതലകൾ നിറവേറ്റപ്പെടുന്നുണ്ട് എന്ന് ഉറപ്പ്

വരുത്തുന്നതിൽ സെക്രട്ടറി , വികസനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി എന്നിവർ വീഴ്ച വരുത്തിയതാണ് ഖണ്ഡിക2-8, 2-9 എന്നിവയിൽ പരാമർശിച്ച തരം അപാകതകൾക്ക് കാരണമാകുന്നത്. മേൽ പരാമർശിച്ച അപാകതകൾ സ്ഥാപന തലത്തിൽ പരിശോധിക്കേണ്ടതും , താഴെ പറയുന്ന നിർദ്ദേശങ്ങൾ കൂടി പരിഗണിച്ച് ഉചിതമായ പരിഹാര നടപടികൾ സ്വീകരിച്ച് , സെക്രട്ടറി ഓഡിറ്റിന് റിപ്പോർട്ട് ചെയ്ത് പരാമർശം ഒഴിവാക്കേണ്ടതുമാണ്.

1. പെർമിറ്റില്ലാതെ നടത്തുന്ന നിർമ്മാണ പ്രവർത്തനങ്ങൾ റിപ്പോർട്ട് ചെയ്യുന്നതിന് ഫീൽഡ് ക്ലർക്കുമാർക്ക് നിർദ്ദേശം നൽകേണ്ടതും ,കെട്ടിട നിർമ്മാണ ചട്ടങ്ങളുടെ പരിപാലനം ഉറപ്പ് വരുത്തേണ്ടതുമാണ്.അനധികൃത നിർമ്മാണങ്ങൾ ചട്ട പ്രകാരം ക്രമപെടുത്തി നൽകുകയോ , പൊളിച്ച് മാറ്റുകയോ ചെയ്യേണ്ടതാണ്.

2. അപേക്ഷ രജിസ്റ്റർ പൂർണ്ണമായ രീതിയിൽ പരിപാലിക്കേണ്ടതാണ്. മുഴുവൻ കോളങ്ങളിലും രേഖപ്പെടുത്തൽ വരുത്തി, പെർമിറ്റുകൾ കെട്ടിട നിർമ്മാണ പൂർത്തീകരണം വരെ നിരീക്ഷിക്കേണ്ടതാണ്. കാല പരിധി പിന്നിട്ട പെർമിറ്റുകളുടെ തത്സ്ഥിതി പരിശോധിക്കുന്നതിന് ഫീൽഡ് ക്ലർക്കുമാരെ ചുമതലപ്പെടുത്തേണ്ടതാണ്.

## 2-8 പരിധിയിൽ കവിഞ്ഞ വ്യാപ്തിയുള്ള കെട്ടിടങ്ങൾക്ക് നമ്പർ അനുവദിച്ചു.

ബി.എൽ.07/2016-17, തീ. 30.06.2016 നമ്പറായുള്ള കെട്ടിട നിർമ്മാണ പെർമിറ്റ് പ്രകാരം പ്രസിഡണ്ട് , നജാത്തുൽ ഇസ്ലാം മദ്രസ്സ കമ്മിറ്റി എന്നിവർ നിർമ്മിച്ച വാണിജ്യാവശ്യ കെട്ടിടത്തിന് പെർമിറ്റ് അനുവദിച്ചതിലും കെട്ടിടം ക്രമവത്കരിച്ച് നൽകിയതിലും താഴെ പറയുന്ന അപാകതകൾ കാണുന്നു.

വാർഡ് 16 ലെ റീ.സർവ്വെ 137/1എ പ്രകാരമുള്ള .0588 ഹെക്ടർ ഭൂമിയിലാണ് വാണിജ്യാവശ്യത്തിനുള്ള കെട്ടിടം സ്ഥിതി ചെയ്യുന്നത്.കെട്ടിടത്തിന്റെ ഒന്നാം നിലയുടെ വിസ്തീർണ്ണം 121.8 ച.മീ ആണ്. സമർപ്പിച്ച പ്ലാൻ പ്രകാരം ഇതേ പ്ലോട്ടിൽ 150.84 ച.മീ തറനില വിസ്തീർണ്ണമുള്ള ബി ഗണത്തിൽ ഉൾപ്പെടുന്ന മദ്രസ്സ കെട്ടിടം സ്ഥിതി ചെയ്യുന്നുണ്ട്. ആയത് പരിഗണിക്കുമ്പോൾ കെട്ടിടങ്ങളുടെ വ്യാപ്തി 46.36 ശതമാനമാണ്. 2011 ലെ കേരള പഞ്ചായത്ത് കെട്ടിട നിർമ്മാണ ചട്ടങ്ങൾ ചട്ടം 35, കുറിപ്പ് iii പ്രകാരം 0.5 ഹെക്ടറിൽ താഴെ മാത്രം വിസ്തീർണ്ണമുള്ള പ്ലോട്ടുകളിൽ ഒന്നിൽ കൂടുതൽ കൈവശ ഗണം ഉൾപ്പെടുന്ന സംഗതിയിൽ തറവിസ്തീർണ്ണവും വ്യാപ്തിയും ഏറ്റവും നിയന്ത്രിത കൈവശാവകാശ ഗണത്തിന്റേതായിരിക്കണം എന്നത് വ്യക്തമാക്കുന്നുണ്ട്. ബി-കൈവശ ഗണത്തിൽ ഉൾപ്പെടുന്ന കെട്ടിടങ്ങളുടെ അനുവദനീയമായ പരമാവധി വ്യാപ്തി 35 ശതമാനമാണെന്നിരിക്കെയാണ് കെട്ടിട നിർമ്മാണ അനുമതി നൽകിയിട്ടുള്ളത്. 26.09.18 ലെ എ1/6011/18 നമ്പറായുള്ള പൂർത്തീകരണ അപേക്ഷ പരിഗണിച്ച് കെട്ടിടത്തിന് നമ്പറനുവദിച്ച് വസ്തുനികുതി നിർണ്ണയം നടത്തിയിട്ടുണ്ട്.

2. 05.04.2017 ലെ 2752/17 നമ്പറായുള്ള പ്രസിഡണ്ട്, തൻവീറുൽ ഇസ്ലാം കമ്മിറ്റി , കാവിലും പാറ എന്നവരുടെ അപേക്ഷയിന്മേൽ ബി-ഗണത്തിൽ ഉൾപ്പെടുന്ന വിദ്യഭ്യാസ ആവശ്യത്തിനുള്ള കെട്ടിടത്തിന് നമ്പർ നൽകാനുള്ള അപേക്ഷയിന്മേൽ 11/458.എ നമ്പർ അനുവദിച്ചതായി കാണുന്നു. വിദ്യഭ്യാസ ആവശ്യത്തിനുള്ള കെട്ടിടമായതിനാൽ കെട്ടിടത്തിന്റെ വസ്തുനികുതി ഒഴിവാക്കി നൽകിയിട്ടുണ്ട്. കെട്ടിടത്തിന് നമ്പർ അനുവദിച്ചതുമായി ബന്ധപ്പെട്ട് താഴെ പറയുന്ന അപാകതകൾ കാണുന്നു.

1. വാർഡ് 11 ൽ റീസർവ്വെ 125 ൽ 0.0405 ഹെക്ടർ ഭൂമിയിലാണ് കെട്ടിടം നിർമ്മിച്ചിട്ടുള്ളത്. കെട്ടിടത്തിന്റെ തറനിലയിലെ നിർമ്മിത വിസ്തീർണ്ണം 208.01 ച.മീ ആണ്. കെട്ടിടത്തിന്റെ വ്യാപ്തി 51.36 ശതമാനമാണ്.2011 ലെ കേരള പഞ്ചായത്ത് കെട്ടിട നിർമ്മാണ ചട്ടങ്ങൾ ചട്ടം 35 പട്ടിക 2 പ്രകാരം കാറ്റഗറി II ഗ്രാമപഞ്ചായത്തുകളിൽ ബി ഗണത്തിന്റെ അനുവദനീയമായ പരമാവധി വ്യാപ്തി 35 ശതമാനമാണ്.
2. 13.04.15 ലെ എ3/2186/15 നമ്പറായുള്ള പെർമിറ്റ് അപേക്ഷയിൽ പെർമിറ്റ് ഫീ ഈടാക്കിയെങ്കിലും അപേക്ഷകന് പെർമിറ്റ് അനുവദിച്ചതായി കാണുന്നില്ല. മേൽ സാഹചര്യത്തിൽ 230.45 ച.മീ തറവിസ്തീർണ്ണത്തിന് ആനുപാതികമായി ക്രമവത്കരണ ഫീ ഈടാക്കിയിട്ടില്ല.

2011 ലെ കേരള പഞ്ചായത്ത് കെട്ടിട നിർമ്മാണ ചട്ടങ്ങൾ ചട്ടം 35 പ്രകാരം വിദ്യഭ്യാസ കൈവശ ഗണത്തിലുള്ള കെട്ടിടങ്ങൾക്ക് അനുവദനീയമായ പരമാവധി വ്യാപ്തി 35 ശതമാനമാണ്. ചട്ടം പാലിക്കപ്പെട്ടിട്ടില്ല. പെർമിറ്റ് അനുവദിക്കാത്ത കെട്ടിടത്തിന് ക്രമവത്കരണ ഫീ ഈടാക്കാതെയാണ്

കെട്ടിടത്തിന് നമ്പർ അനുവദിച്ചിട്ടുള്ളത്.

മേൽ 2 അപേക്ഷകളിലും പെർമിറ്റ്/പൂർത്തീകരണ അപേക്ഷയിന്മേൽ സൈറ്റ് സന്ദർശിച്ച് സാങ്കേതിക പരിശോധന നടത്തിയിട്ടുള്ള ഓവർസിയർ കെട്ടിടനിർമ്മാണ ചട്ടങ്ങൾ പാലിച്ചാണ് നിർമ്മാണം എന്ന് സാക്ഷ്യപ്പെടുത്തിയിട്ടുണ്ട്. അപേക്ഷയിന്മേൽ അന്വേഷണം നടത്തിയ ഉദ്യോഗസ്ഥൻ ജാഗ്രതയോടെയും സൂക്ഷ്മതയോടെയും ചുമതല നിർവ്വഹിക്കുന്നതിൽ വീഴ്ച വരുത്തിയിട്ടുണ്ട്. മേലുദ്യോഗസ്ഥനായ എ.ഇ ഫയലിൽ യാതൊരു വിധത്തിലുള്ള പരിശോധനകളോ ശുപാർശകളോ നടത്തിയിട്ടില്ല.മേൽ നോട്ട ചുമതലയുള്ള ഉദ്യോഗസ്ഥർ അന്വേഷണ ഉദ്യോഗസ്ഥന്റെ വീഴ്ച പരിശോധിക്കപ്പെടുന്ന വിധത്തിലും കെട്ടിട നിർമ്മാണ ചട്ടങ്ങൾ പരിപാലിക്കപ്പെടുന്നുണ്ടെന്ന് ഉറപ്പാക്കുന്ന വിധത്തിലുമുള്ള ഇടപെടലുറപ്പാക്കാനുതകുന്ന തരത്തിൽ ഓഫീസ് ഉത്തരവ് ക്രമീകരിച്ചിട്ടില്ല. അപാകത പരിഹരിക്കുന്നതിനും ആവർത്തിക്കാതിരിക്കാനുമായി താഴെ പറയുന്ന നടപടികൾ സ്വീകരിച്ച് ഓഡിറ്റിന് റിപ്പോർട്ട് ചെയ്യേണ്ടതാണ്.

1. കെട്ടിട നിർമ്മാണം ക്രമപ്പെടുത്തിയ നടപടി റദ്ദ് ചെയ്യേണ്ടതാണ്. കെട്ടിടത്തിന്റെ വിസ്തൃതിയിൽ മാറ്റം വരുത്തി ക്രമവത്കരിക്കുന്നതിനുള്ള സാധ്യത പരിശോധിക്കേണ്ടതാണ്. സാധ്യമല്ലാത്ത പക്ഷം കെട്ടിടം പൊളിച്ചുമാറ്റുന്നതിന് നോട്ടീസ് നൽകേണ്ടതും അനധികൃത കെട്ടിടമായി പരിഗണിച്ച് തുടർ നടപടികൾ സ്വീകരിക്കേണ്ടതുമാണ്.
2. അപേക്ഷയിന്മേൽ പ്രാഥമിക പരിശോധന നടത്തിയ ഉദ്യോഗസ്ഥൻ, അന്വേഷണ റിപ്പോർട്ട് നൽകിയ ഉദ്യോഗസ്ഥൻ, മേൽ നോട്ട ചുമതലയുള്ള ഉദ്യോഗസ്ഥൻ എന്നിവരിൽ നിന്നും വീഴ്ചക്ക് വിശദീകരണം തേടേണ്ടതാണ്.

## 2-9 അനധികൃത കെട്ടിടം -തുടർനടപടികളില്ല.

ശ്രീ.കുഞ്ഞബ്ദുള്ള, പീടികയുള്ള പറമ്പത്ത്, കുണ്ട്തോട് എന്നവരുടെ എ-2849/17 നമ്പറായുള്ള കെട്ടിട നിർമ്മാണ പൂർത്തീകരണത്തിനുള്ള അപേക്ഷ അതിരുകളുടെ അവ്യക്തതകളാലും കെട്ടിട നിർമ്മാണ ചട്ടങ്ങൾ ചട്ടം 42 പാലിക്കാത്തതിനാലും സെക്രട്ടറി നിരസിച്ചിട്ടുണ്ട്. മേൽ വിവരം അപേക്ഷകന് 29.06.2017 ലെ എ3-2849/17 നമ്പർ കത്ത് മുഖേന അറിയിപ്പ് നൽകിയിട്ടുണ്ട്. എന്നാൽ അനധികൃത കെട്ടിടങ്ങളായി പരിഗണിച്ച് 2011 ലെ കേരള പഞ്ചായത്ത് കെട്ടിട നിർമ്മാണ ചട്ടങ്ങൾ, ചട്ടം 20,137, 138 എന്നിവ പ്രകാരം തുടർ നടപടികൾ സ്വീകരിക്കുന്നതിൽ സ്ഥാപനം വീഴ്ച വരുത്തിയിട്ടുണ്ട്.

പെർമിറ്റില്ലാതെ നടക്കുന്ന നിർമ്മാണങ്ങൾ, ഭൂവികസനം എന്നിവ യഥാസമയം റിപ്പോർട്ട് ചെയ്ത് നടപടികൾ സ്വീകരിക്കുന്നതിലുള്ള വീഴ്ചയാണ് ഇത്തരത്തിലുള്ള അപാകതകൾക്ക് കാരണമാകുന്നത്. നിർമ്മാണത്തിന് ശേഷം കണ്ടെത്തുന്ന കെട്ടിട നിർമ്മാണ ചട്ടങ്ങളുടെ ലംഘനം പരിഹരിക്കുന്നതിനുള്ള നടപടികൾ സങ്കീർണ്ണമാണെന്നതിനാൽ പെർമിറ്റില്ലാതെ നടത്തുന്ന ഇത്തരം നിർമ്മാണങ്ങൾ കർശനമായി തടയുന്നത് സ്ഥാപനത്തെ സംബന്ധിച്ച് ഗുണകരമാവും. അപേക്ഷയിന്മേൽ അടിയന്തിരമായി തുടർ നടപടികൾ സ്വീകരിച്ച് വിവരം ഓഡിറ്റിന് റിപ്പോർട്ട് ചെയ്യേണ്ടതാണ്.

# ഭാഗം-3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 3-1 പൊതുമരാമത്ത് പദ്ധതികളുടെ നടത്തിപ്പിലുണ്ടായ വീഴ്ചകാരണം വൻ തുക നഷ്ടപ്പെട്ടു.

അംഗീകാരം ലഭിച്ച പ്രോജക്ടുകൾ സമയബന്ധിതമായി നടപ്പാക്കാൻ കഴിയാഞ്ഞതിനാൽ പൊതുമരാമത്ത് പദ്ധതികൾക്കായി വകയിരുത്തിയ തുകയിൽ ഭൂരിഭാഗവും ചെലവഴിക്കാൻ കഴിയാതെ നഷ്ടപ്പെടുന്നതിനിടയായി. എ.ഇ നിർവ്വഹണ ഉദ്യോഗസ്ഥനായി തൻവർഷം 100 പദ്ധതികൾക്കാണ് അംഗീകാരം ലഭിച്ചിരുന്നത്. ഇതിൽ 47 പദ്ധതികളിൽ മാത്രമാണ് പഞ്ചായത്തിന് പണം ചെലവഴിക്കാൻകഴിഞ്ഞത്. ഇതുകാരണം തൻ വർഷം വകയിരുത്തിയ 55229321 രൂപയിൽ 17267034 രൂപയേ ചെലവഴിക്കാനായുള്ളൂ (വകയിരുത്തിയ തുകയുടെ 31.26 %മാത്രം). പദ്ധതിക്കായി വിവിധ

ഫണ്ടുകളിൽ നിന്നും വകയിരുത്തിയ തുകയുടെയും ചെലവിന്റെയും വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| ഫണ്ടിനം | വകയിരുത്തിയതുക | ചെലവഴിച്ചതുക | ചെലവഴിക്കാത്തതുക | ചെലവ് ശതമാനം |
|---|---|---|---|---|
| വികസനഫണ്ട് | 7879469 | 2046997 | 5832472 | 25.9 |
| ടി.എസ്.പി | 275100 | - | 275100 | 0 |
| ധനകാര്യകമ്മീഷൻ ഗ്രാന്റ് | 9686332 | 1650703 | 8035629 | 17.04 |
| ലോകബാങ്ക് സഹായം | 5068784 | 4663327 | 405457 | 92 |
| കേന്ദ്രവിഷ്കൃത ഫണ്ട് | 750000 | - | 750000 | 0 |
| തനത്ഫണ്ട് | 9461767 | 1227317 | 8234450 | 12.97 |
| ബ്ലോക്ക് പഞ്ചായത്ത് വിഹിതം | 1124522 | 526349 | 598173 | 46.80 |
| ജില്ലാപഞ്ചായത്ത് വിഹിതം | 78476 | - | 78476 | 0 |
| മെയിന്റനെൻസ് ഗ്രാന്റ് റോഡ് | 16339191 | 6608555 | 9730636 | 40.44 |
| മെയിന്റനെൻസ്ഗ്രാന്റ് നോൺറോഡ് | 4065680 | 543786 | 3521894 | 13.37 |
| മറ്റുള്ളവ | 500000 | - | 500000 | 0 |
| ആകെ | 55229321 | 17267034 | 37962287 | 31.26 |

മേൽ തുകകളിൽ വികസനഫണ്ട്, ടി.എസ്.പി, ധനകാര്യകമ്മീഷൻഗ്രാന്റ്, ലോകബാങ്ക് സഹായം , മെയിന്റനെൻസ് ഫണ്ട്റോഡ്, നോൺ റോഡ് ഇനങ്ങളിൽ ചെലവഴിക്കാതെ സാമ്പത്തിക വർഷാവസാനം അവശേഷിക്കുന്ന തുകകൾ സർക്കാരിലേക്ക് തിരിച്ച് പോകും എന്നതിനാൽ മേൽ ഇനങ്ങളിൽ തൻവർഷം ചെലവഴിക്കാൻ കഴിയാത്ത 27801188 രൂപ പഞ്ചായത്തിന് നഷ്ടപ്പെട്ടിരി ക്കുകയാണ്.

2017-18 വാർഷിക പദ്ധതിക്ക് 31-5-2017 തന്നെ ഡി.പി.സി അംഗീകാരം ലഭിച്ചിട്ടുണ്ട് എന്നിരിക്കെയാണ് പദ്ധതികൾ യഥാസമയം പൂർത്തീകരിക്കാൻ കഴിയാതെ ഫണ്ട് നഷ്ടപ്പെടുന്നതിനിടയായത്. അംഗീകാരം നേടിയപദ്ധതികൾ യഥാസമയം എസ്റ്റിമേറ്റ് തയ്യാറാക്കി സാങ്കേതികാനുമതി ലഭ്യമാക്കി കരാറിൽ ഏർപ്പെടുന്നതിൽ വന്നകാലതാമസമാണ് പദ്ധതി ചെലവ് കുറയുന്നതിനിടയാക്കിയത്. തൻ വർഷം അംഗീകാരം ലഭിച്ച 45 പ്രോജക്ടുകളിൽ 10 എണ്ണത്തിൽ മാത്രമേ തൻവർഷം ചെലവുള്ളൂ എന്നത് ഇത് വ്യക്തമാക്കുന്നു. നിർവ്വഹണഘട്ടത്തിൽ വന്ന മേൽ അപാകതകൾ യഥാസമയം കണ്ടെത്തിപരിഹരിക്കുന്നതിനും പൊതുമരാമത്ത് വർക്കിംഗ് ഗ്രൂപ്പിനും മേൽനോട്ടച്ചുമതലയുള്ള വികസനകാര്യസ്റ്റാന്റിംഗ് കമ്മിറ്റിക്കും കഴിയാതെപോയി . തുടർ വർഷങ്ങളിൽ മേൽ അപാകത ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## 3-2 പൊതുമരാമത്ത് വർക്കിംഗ് ഗ്രൂപ്പ് കാര്യക്ഷമമായി പ്രവർത്തിച്ചില്ല.

2017-18പദ്ധതി രൂപീകരണവുമായി ബന്ധപ്പെട്ട പൊതുമരാമത്ത് വർക്കിംഗ് ഗ്രൂപ്പ് പ്രവർത്തനം പരിശോധിച്ചതിൽ 12-2-17,12-4-17,29-4 17 എന്നീ തിയ്യതികളിലായി വർക്കിംഗ് ഗ്രൂപ്പ് മൂന്ന് യോഗങ്ങൾ

ചേർന്നതായി മിനട്സ് ബുക്കിൽ രേഖപ്പെടുത്തിയിട്ടുണ്ട്. 29-4-2017 ലെ യോഗത്തിലൊഴികെ മറ്റ് രണ്ട് യോഗങ്ങളിലും പദ്ധതി രൂപീകരണം സംബന്ധിച്ച നിർദ്ദേശങ്ങളോ തീരുമാനങ്ങളോ മിനട്സിൽ രേഖപ്പെടുത്തിയിട്ടില്ല. വർക്കിംഗ് ഗ്രൂപ്പിന്റെ ഒരു പ്രധാന ചുമതല മേഖലയെ സംബന്ധിച്ച സ്റ്റാറ്റസ് റിപ്പോർട്ട് തയ്യാറാക്കലാണ്. എന്നാൽ 2017-18 വർഷത്തെ സ്റ്റാറ്റസ് റിപ്പോർട്ട് പൂർണ്ണമല്ല. സ്റ്റാറ്റസ് റിപ്പോർട്ടിലെ മേഖലയെ സംബന്ധിച്ച അടിസ്ഥാന വിവരങ്ങളുടെയും കണ്ടെത്തിയ പ്രശ്നങ്ങളുടെ പ്രശ്നപരിഹാരമായിട്ടാണ് പ്രോജക്ടുകൾ രൂപീകരിക്കേണ്ടത്.

<u>വർക്കിംഗ് ഗ്രൂപ്പ് മോണിറ്ററിഗ് സമിതിയായി പ്രവ്യത്തിച്ചില്ല.</u>

തൻവർഷം പൂർത്തിയാക്കി ഫൈനൽ ബിൽ നൽകിയ പൊതുമരാമത്ത് പദ്ധതി ഫയലുകളിൽ ഒന്നിൽപോലും പ്രവൃത്തി പൂർത്തീകരണം സംബന്ധിച്ച മേണിറ്ററിഗ് കമ്മിറ്റി റിപ്പോർട്ടില്ല. പദ്ധതി രൂപീകരണത്തിനുശേഷം നിർവ്വഹണ ഉദ്യോഗസ്ഥൻ ഒഴികെയുള്ള വർക്കിംഗ് ഗ്രൂപ്പ് നിർവ്വഹണഘട്ടത്തിൽ മോണിറ്ററിഗ് സമിതിയായി പ്രവർത്തിക്കേണ്ടതും പദ്ധതിനിർവ്വഹണം കൃത്യമായി മോണിറ്റർ ചെയ്യേണ്ടതുമാണ്.എന്നാൽ 2017-18 വർഷം പൊതുമരാമത്ത് വർക്കിംഗ് ഗ്രൂപ്പ് മേൽചുമതല നിറവേറ്റുകയോ വർക്കിംഗ് ഗ്രൂപ്പിന്റെ മേൽനോട്ടചുമതലയുള്ള വികസനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ഇതു സംബന്ധിച്ച് വർക്കിംഗ് ഗ്രൂപ്പിന് ആവശ്യമായ നിർദ്ദേശങ്ങൾ നൽകുകയോ ചെയ്തിട്ടില്ല. ആയതു പദ്ധതി നിർവ്വഹണത്തിൽ വന്ന അപാകതയായി ഓഡിറ്റ് വിലയിരുത്തുന്നു.

## 3-3 <u>പൊതുമരാമത്ത് പദ്ധതി നിർവ്വഹണത്തിലെ മറ്റ് അപാകതകൾ</u>

<u>1-ഇൻകം ടാക്സ് ഈടാക്കിയതിൽ കുറവ്</u>

വ്യക്തികൾ, ഹിന്ദുജോയിന്റ് ഫാമിലി എന്നിവരൊഴികെയുള്ള കരാറുകാരിൽ നിന്നും പ്രവൃത്തിമൂല്യത്തിന്റെ 2% മാണ് ആദായ നികുതിയായി ഈടാക്കേണ്ടത്. എന്നാൽ തൻവർഷം ഊരാളുങ്കൽ ലേബർ സൊസൈറ്റി ഏറ്റെടുത്ത് നടപ്പാക്കിയ ചുവടെ ചേർത്തിരിക്കുന്ന പൊതുമരാമത്ത് പ്രവൃത്തികളുടെ ബില്ലിൽ നിന്നും പ്രവത്തിമൂല്ല്യത്തിന്റെ 1% മാത്രമാണ് ഇൻകം ടാക്സ് ആയി ഈടാക്കിയിരിക്കുന്നത്.

| പ്രോജക്ടിന്റെ പേര് | അടങ്കൽ | കരാറുകാരൻ | ചെലവ് | ഈടാക്കിയ ഇൻകംടാക്സ് | കുറവ് |
|---|---|---|---|---|---|
| കൂടൽ അംഗൺവാടി റോഡ് പ്രോജക്ട് നം-29/18 | 200000 | യു.എൽ.സി.സി.എസ് | 187977 | 1880 | 1880 |
| വളക്കയം മാവിലപ്പാടി റോഡ് ടാറിംഗ് പ്രോജക്ട്നം-38/18 | 490000 | യു.എൽ.സി.സി.എസ് | 464887 | 4649 | 4649 |
| പഞ്ചായത്ത് ഓഫീസ് കെട്ടിടനിർമ്മാണം പ്രോജക്ട്നം-191/18 | 2621750 | യു.എൽ.സി.സി.എസ് | 1655096 | 16551 | 16551 |
| തലച്ചിറഭാഗം പാലോറമുക്ക് റോഡ്ടാറിംഗ് | 490000 | യു.എൽ.സി.സി.എസ് | 489770 | 4898 | 4898 |

| | | | | | |
|---|---|---|---|---|---|
| | | | | ആകെ | 27978 |

ഇൻകം ടാക്സ് ഇനത്തിൽ കുറവ് വന്ന തുക നിർവ്വഹണ ഏജൻസിയിൽ നിന്നും തിരികെ ഈടാക്കി ആദായനികുതി വകുപ്പിൽ അടവാക്കേണ്ടതാണ്.

2-തൊട്ടിൽപ്പാലം വെറ്റിനറി കോംപ്ലക്സ് നവീകരണം -പ്രവൃത്തിപൂർത്തീകരിക്കുന്നതിൽ വന്നകാലതാമസത്തിന് ഫൈൻ ഈടാക്കിയില്ല.

പ്രോജക്ട് നം-87/18

അടങ്കൽ -150000/-

ചെലവ് -72810.(ബിൽനം-56/31-3-18)

ഓഡിറ്റ് വർഷം സ്പിൽ ഓവർ പ്രോജക്ടായി നടപ്പിലാക്കിയ തൊട്ടിൽപ്പാലം വെറ്റിനറി കോംപ്ലക്സ് നവീകരണം പ്രോജക്ട് പ്രവൃത്തിക്കായി കരാറുകാരനായ അബ്ദുൾസലാം.എസ് മായി കരാറിൽ ഏർപ്പെട്ടത് 15-2-17 നാണ് (കരാർ നം37/16-17).പ്രസ്തുത കരാർ പ്രകാരം 15-8-2017 നാണ് പ്രവൃത്തി പൂർത്തീകരിക്കേണ്ടതാണ്. എം ബുക്ക് പ്രകാരം പ്രവൃത്തിപൂർത്തീകരിച്ച് ഫൈനൽ മെഷർമെന്റ് രേഖപ്പെടുത്തിയിരിക്കുന്നത് 15-3-18നാണ്. കരാർപ്രകാരം പൂർത്തീ കരണ കാലാവധിയുടെ 20% വരെ യുക്തമായ കാരണങ്ങളുടെ അടിസ്ഥാനത്തിൽ പൂർത്തീ കരണകലാവധി നീട്ടിനൽകാവുന്നതും തുടർന്നുള്ള കാലതാമസത്തിന് ആദ്യമൂന്ന മാസത്തേക്ക് കരാർ തുകയുടെ 1% നിരക്കിലും തുടർന്ന വരുന്ന മൂന്നമാസകാലയളവിന് കരാർതുകയുടെ 2% നിരക്കിലും ഫൈൻ ഇടാക്കി പൂർത്തീകരണ കാലാവധി നീട്ടിനൽകാവുന്നതാണ് .എന്നാൽ കരാറുകാരനായ സബ്ദുൾ സലാമിന് പൂർത്തീകരണ കാലാവധി ദീർഘിപ്പിച്ച് നൽകുകയോ പ്രവൃത്തി പൂർത്തീകരണത്തിൽ വന്നകാലതാമസത്തിന് ഫൈൻ ഇടാക്കുകയോ ചെയ്തിട്ടില്ല.

3-പാർട്ട്ബിൽ തുകയിൽ നിന്നും റിട്ടൻഷൻതുക കുറവുചെയ്തില്ല.

പ്രോജക്ട് നം-99/17-18

അടങ്കൽ -1000000/-(ധനകാര്യകമ്മീഷൻഗ്രാന്റ്)

ചെലവ്- 711479.(ബിൽ നം-58/31-3-18)

കരാറുകാരൻ-സാജൻ എൻ.കെ.

തോട്ടക്കാട് കുടിവെള്ളപദ്ധതി പൂർത്തീകരണ പ്രോജക്ടിൽ മുൻവർഷ പ്രോജക്ടിൽ നിർമ്മിച്ച കിണറിൽ പമ്പ്സെറ്റ് സ്ഥാപിച്ച് തോട്ടക്കാട് ഭാഗത്ത് കുടിവെള്ള മെത്തിക്കലാണ് ലക്ഷ്യമിട്ടത്.പദ്ധതിക്ക് തൻവർഷം പാർട്ട് ബില്ലായി 711479/- രൂപ ചെലവുണ്ട്.പൊതുമരാമത്ത് പ്രവൃത്തികൾക്ക് പാർട്ട് ബിൽ നൽകുമ്പോൾ ബിൽ തുകയുടെ 10% തുക റിട്ടൻഷൻആയി കുറവ് ചെയ്താണ് കരാറുകാരന് തുക നൽകേണ്ടത് . എന്നാൽ മേൽ പദ്ധതിയുടെ ചെലവ് വിശദാംശം പരിശോധിച്ചതിൽ പാർട്ട്ബില്ലിൽ നിന്നും 71148 രൂപ റിട്ടൻഷൻ തുക കുറവ് ചെയ്യാതെയാണ് കരാറുകാരന് ബിൽ തുകനൽകിയത് .

## 3-4 തനത് ഫണ്ട് വിനിയോഗത്തിലെ അപാകതകൾ.

എ.ശമ്പള പരിഷ്കരണ കുടിശ്ശിക-പെൻഷൻ കോൺട്രിബ്യൂഷൻ അടവാക്കിയില്ല.

സ. ഉ (പി)7/2016/ഫിൻ തീ. 20.01.2016 പ്രകാരം ജീവനക്കാരുടെ ശമ്പളം പരിഷ്കരിക്കുന്നതിനും, 07/2014 മുതൽ 01/2016 വരെയുള്ള ശമ്പള കുടിശ്ശിക 4 ഗഡുക്കളായി അനുവദിക്കുന്നതിനും ഉത്തരവായിട്ടുണ്ട്. ഇത് പ്രകാരം ഗ്രാമ പഞ്ചായത്ത് ജീവനക്കാരുടെ ശമ്പളം പരിഷ്കരിക്കുകയും 2017-18 സാമ്പത്തികവർഷത്തിൽ ജീവനക്കാരുടെ ശമ്പളകുടിശ്ശികയുടെ 1, 2 ഗഡുക്കൾ ചുവടെ ചേർത്തിരിക്കുന്ന പ്രകാരം പ്രൊവിഡന്റ് ഫണ്ടിൽ അടവാക്കുകയും ചെയ്തിട്ടുണ്ട്.

| ഗഡു | വൗച്ചർ നം, തീയതി | തുക |
|---|---|---|
| I | 21700231/22.07.2017 | 32965 |
| I | 21700232/22.07.2017 | 118696 |
| II | 21700451/26.10.2017 | 37316 |
| II | 21700452/26.10.2017 | 27613 |
| II | 21700451/26.10.2017 | 93282 |
| | ആകെ | 309872 |

മേൽ ഉത്തരവിലെ ഖണ്ഡിക 48 (1) പ്രകാരം ശമ്പള പരിഷ്കരണവുമായി ബന്ധപ്പെട്ട് പുതുക്കിയ ശമ്പള നിരക്കിലുള്ള പെൻഷൻ കോൺട്രിബ്യൂഷൻ കുടിശ്ശിക അടവാക്കേണ്ടതാണ് എന്ന് നിഷ്കർഷിക്കുന്നുണ്ട്. ശമ്പള പരിഷ്കരണ കുടിശ്ശിക അനുവദിക്കുന്നതിനായി സ്ഥാപനം 309872 രൂപ ചെലവഴിച്ചിട്ടുണ്ട്. എന്നാൽ വർദ്ധിപ്പിച്ച അടിസ്ഥാന ശമ്പളത്തിന് ആനുപാതികമായി പെൻഷൻ കോൺട്രിബ്യൂഷൻ അടവാക്കിയിട്ടില്ല. പങ്കാളിത്ത പെൻഷൻ പദ്ധതിയിൽ ഉൾപ്പെടുന്നവർ ഒഴികെയുള്ള ജീവനക്കാരുടെ ശമ്പള പരിഷ്കരണ കുടിശ്ശികക്ക് ആനുപാതികമായി പെൻഷൻ വിഹിതം അടവാക്കാത്തതിന്റെ കാരണം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

ബി.കുടിവെള്ള വിതരണം-നടപടി ക്രമങ്ങൾ പാലിച്ചില്ല.

| | | |
|---|---|---|
| 1 | വൗച്ചർ നം/തീയതി. | 21700166/ 22.06.2017 |
| 2 | ചെക്ക് നമ്പർ/തീയതി. | 81060/22.06.2017 |
| 3 | ബിൽ പ്രകാരമുള്ള തുക | 146220 |
| 4 | നൽകിയ തുക | 146220 |

ഭരണ സമിതിയുടെ 15.04.2017 ലെ 77/17 നമ്പർ തീരുമാന പ്രകാരം ഗ്രാമപഞ്ചായത്തിന്റെ വിവിധ മേഖലകളിൽ കുടിവെള്ള വിതരണം നടത്തുന്നതിനായി ക്വട്ടേഷൻ ക്ഷണിക്കുകയും ശ്രീ. അബ്ദുൾ സമദ്.കെ.കെ. എന്നവരുടെ ക്വട്ടേഷൻ അപേക്ഷ അംഗീകരിക്കുകയും ചെയ്തിട്ടുണ്ട്. 24.04.2017 മുതൽ 30.05.2017 വരെയുള്ള കാലയളവിൽ ശ്രീ.അബ്ദുൾ സമദ്.കെ.കെയ്ക്ക് കുടിവെള്ളം വിതരണം ചെയ്തതിന് 1 ലിറ്ററിന് 50 പൈസ നിരക്കിൽ തുക അനുവദിച്ചിട്ടുണ്ട്. മേൽ ചെലവുമായി ബന്ധപ്പെട്ട് താഴെ പറയുന്ന അപാകതകൾ ഉണ്ടായിട്ടുണ്ട്.

ഗ്രാമപഞ്ചായത്തിലെ 3 വാർഡുകളിൽ കുടിവെള്ള വിതരണം നടത്തുന്നതിനായി ക്വട്ടേഷൻ നടപടികളിലൂടെ സേവനദാതാവിനെ തെരഞ്ഞെടുക്കുന്നതിനായി 18.04.2017 തീയതിയിൽ പത്രപരസ്യം ചെയ്തതിനനുസരിച്ച് ക്വട്ടേഷൻ അംഗീകരിച്ച് 22.04.2017 ന് കരാർ ചമച്ചിട്ടുണ്ട്. തദ്ദേശ സ്വയംഭരണ

വകുപ്പിന്റെ സ.ഉ.(പി).259/2010/ത.സ്വ.ഭ.വ നമ്പർ ഉത്തരവ് പ്രകാരമുള്ള തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ സാധനങ്ങളും സേവനങ്ങളും സമാഹരിക്കൽ മാർഗ്ഗരേഖ പ്രകാരം ഓപ്പൺ ടെണ്ടർ നടപടി സ്വീകരിക്കേണ്ടിടത്താണ് ക്വൊട്ടേഷൻ നപടികൾ സ്വീകരിച്ചിട്ടുള്ളത്.

ദുരന്ത നിവാരണ വകുപ്പിന്റെ 23.02.2017 ലെ 787/2017/ഡി.എ.ഡി നമ്പർ ഉത്തരവ് പ്രകാരം കുടിവെള്ള വിതരണത്തിന്റെ നിരക്ക് നിർണ്ണയിക്കേണ്ടത് കിലോമീറ്റർ അടിസ്ഥാനത്തിലാണ്. കൂടാതെ ജലവിതരണം നടത്തി എന്നതിന്റെ തെളിവായി വാർഡ് മെമ്പർമാർമാർ, സെക്രട്ടറി എന്നിവർ ട്രിപ്പ്ഷീറ്റ് പരിശോധിച്ച് സാക്ഷ്യപ്പെടുത്തേണ്ടതാണ്. ജി.പി.എസ് ലോഗ്, ട്രിപ്പ് ഷീറ്റ് എന്നിവ ഒത്ത് നോക്കി വേണം കരാറുകാരന് തുക നൽകേണ്ടത്. എന്നാൽ മേൽ നടപടിക്രമങ്ങളൊന്നും പാലിച്ചതായി കാണുന്നില്ല.കുടിവള്ളം വിതരണം ചെയ്തതിന് 146220 രൂപ കരാറുകാരന് അനുവദിച്ചെങ്കിലും പ്രസ്തുത തുകയിൽ നിന്നും ആദായനികുതി കുറവ് ചെയ്തിട്ടില്ല.

കുടിവെള്ളം,ശുചിത്വം, മാലിന്യ സംസ്കരണം എന്നിവയുമായി ബന്ധപ്പെട്ട വർക്കിംഗ് ഗ്രൂപ്പ് കുടിവെള്ള വിതരണ പ്രശ്നം ചർച്ച ചെയ്യേണ്ടതും പദ്ധതി നിർദ്ദേശങ്ങൾ സ്റ്റാന്റിംഗ് കമ്മിറ്റിക്ക് സമർപ്പിക്കുകയും ചെയ്യേണ്ടതുണ്ട്. 12.04.2017 ലെ കുടിവെള്ളം, ശുചിത്വം എന്നിവയുമായി ബന്ധപ്പെട്ട വർക്കിംഗ് ഗ്രൂപ്പിൽ കുടിവെള്ള പ്രശ്നം സംബന്ധിച്ച് നിർദ്ദേശങ്ങൾ ഉണ്ടായിരുന്നു. എന്നാൽ കുടിവെള്ള വിതരണം സാധ്യമാക്കുന്നതിനുള്ള പദ്ധതികളൊന്നും 2017-18 വർഷത്തിൽ ആസൂത്രണം ചെയ്ത് നടപ്പാക്കിയിട്ടില്ല. പദ്ധതി ആസൂത്രണ ഘട്ടത്തിൽ തന്നെ തിരിച്ചറിഞ്ഞതും ആവർത്തന സ്വഭാവമുള്ളതുമായ വരൾച്ചാ പ്രശ്നത്തെ നേരിടുന്നതിന് കുടിവെള്ള വിതരണം വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി നിർവ്വഹണം നടത്താതെ തനത് ഫണ്ട് ഉപയോഗപ്പെടുത്തി ചെലവ് നിർവ്വഹിച്ച സാഹചര്യം വിശദീകരിക്കേണ്ടതാണ്.2018-19 വർഷത്തിൽ കുടിവെള്ള വിതരണം സാധ്യമാക്കുന്നതിന് സ്വീകരിച്ച നടപടികളും ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

സി. <u>മാലിന്യം ശാസ്ത്രീയമായി പരിപാലിക്കുന്നില്ല.</u>

| | | |
|---|---|---|
| 1 | വൗച്ചർ നം/തീയതി. | 21700027/ 12.04.2017 |
| 2 | ചെക്ക് നമ്പർ/തീയതി. | 83168/12.04.2017 |
| 3 | ബിൽ പ്രകാരമുള്ള തുക | 4750 |
| 4 | നൽകിയ തുക | 4750 |
| 5 | തുക കൈപ്പറ്റിയത് | സുനി, ഡ്രൈവർ-കെ.എൽ.03/ഇ-6417 വാഹനം |

മേൽ വൗച്ചർ പ്രകാരം ഗ്രാമപഞ്ചായത്തിലെ വിവിധ സ്ഥലങ്ങളിൽ നിന്നും ശേഖരിച്ച മാലിന്യം നീക്കം ചെയ്യുന്നതിനാണ് തുക അനുവദിച്ചിട്ടുള്ളത്. ബില്ലിനൊപ്പം സമർപ്പിച്ച ട്രിപ്പ് ഷീറ്റ് പ്രകാരം വാഹനത്തിന്റെ യാത്ര അവസാനിച്ചിട്ടുള്ളത് കുറ്റ്യാടി ചുരത്തിലെ മൂന്നാം വളവിലാണ്. ഇത് കൂടാതെ 13.09.2017 ലെ 48/17 നമ്പറായുള്ള ആരോഗ്യ വിദ്യഭ്യാസ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ 52/2017 തീരുമാന പ്രകാരം കുറ്റ്യാടി പുഴയിൽ നിന്നും നീക്കം ചെയ്ത പ്ലാസ്റ്റിക് മാലിന്യങ്ങൾ കുറ്റ്യാടി ചുരത്തിൽ പഞ്ചായത്തിന്റെ അധീനതയിലുള്ള ഭൂമിയിൽ കുഴിച്ച് മൂടിയതിന് 4100 രൂപ കെ.എൽ.03/ഇ-6417 വാഹനത്തിന്റെ ഡ്രൈവർ സുനിക്ക് അനുവദിക്കുന്നതിന് തീരുമാനമെടുത്തിട്ടുണ്ട്.(വൗച്ചർ നമ്പർ ലഭ്യമല്ല ). മാലിന്യങ്ങൾ അശാസ്ത്രീയമായി കൈകാര്യം ചെയ്തതിനും 2017-18 ൽ സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായി ആസൂത്രണം ചെയ്ത മാലിന്യ പരിപാലന പദ്ധതികൾ നിർവ്വഹണം നടത്താത്തതിനും വിശദീകരണം ലഭ്യമാക്കണമെന്നാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണ കുറിപ്പിന് സെക്രട്ടറി മറുപടി നൽകിയിട്ടില്ല.

മാലിന്യ പ്രശ്നം പരിഹരിക്കുന്നതിനായി 2017-18 ൽ ആസൂത്രണം ചെയ്ത മാലിന്യ സംസ്കരണ സ്ഥലത്തേക്ക്

മാലിന്യം കൊണ്ടുപോകൽ,മാതൃകാ ശുചിത്വ വാർഡ്, മാലിന്യ സംസ്കരണത്തിന് സ്ഥലം വാങ്ങൽ എന്നീ പദ്ധതികൾ ഒന്നും തന്നെ നിർവ്വഹണം നടത്തിയിട്ടില്ല. ഗുരുതരമായ മാലിന്യ പ്രശ്നത്തിന് പരിഹാരം കണ്ടെത്തുന്നതിന് വർക്കിംഗ് ഗ്രൂപ്പ് ആസൂത്രണം ചെയ്ത പദ്ധതികൾ നിർവ്വഹണം നടത്താതെ ചുരം പോലുള്ള പരിസ്ഥിതി ലോല പ്രദേശങ്ങളിൽ പ്ലാസ്റ്റിക്ക് മാലിന്യങ്ങൾ ഉൾപ്പെടെയുള്ളവ അശാസ്ത്രീയമായി കുഴിച്ച് മൂടുന്നത് പരിസ്ഥിതി പ്രശ്നങ്ങൾക്ക് കാരണമാവും. മാലിന്യ പരിപാലനത്തിൽ ഉത്തരവാദിത്ത സമീപനം പുലർത്തേണ്ടതും ശാശ്വത പരിഹാരം കണ്ടെത്തുന്നതിനുള്ള പദ്ധതികൾ ആസൂത്രണം ചെയ്യേണ്ടതുമാണ്.

## 3-5 തെരുവ് വിളക്കുകൾ സ്ഥാപിക്കലും റിപ്പയറും - അപാകതകൾ.

സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായി 2017-18 ൽ നിർവ്വഹണം നടത്തിയ 195/17-18 നമ്പറായുള്ള തെരുവ് വിളക്കുകൾ സ്ഥാപിക്കലും റിപ്പയറും പദ്ധതി നിർവ്വഹണത്തിൽ താഴെപറയുന്ന അപാകതകൾക്ക് വിശദമായ മറുപടി ലഭ്യമാക്കുന്നതിന് ഓഡിറ്റ് അന്വേഷണകുറിപ്പ് മുഖേന ആവശ്യപ്പെട്ടിരുന്നുവെങ്കിലും മറുപടി ലഭ്യമാക്കിയിട്ടില്ല.

1. 2016-17 ൽ ആരംഭിച്ചതും 2017-18 ൽ സ്പിൽ ഓവറായി തുടരുന്നതുമായ പദ്ധതിയുടെ പ്രവർത്തനങ്ങൾ 2017 നവംബർ മാസത്തിലാണ് ആരംഭിച്ചിട്ടുള്ളത്. പദ്ധതി പ്രവർത്തനങ്ങളിലുണ്ടായ കാലതാമസം മൂലം പദ്ധതി ഓഡിറ്റ് വർഷത്തിൽ പൂർത്തീകരിക്കുന്നതിന് സാധിച്ചിട്ടില്ല. പദ്ധതി നിർവ്വഹണ ഘട്ടത്തിൽ വർക്കിംഗ് ഗ്രൂപ്പ് ഇടപെടലുകൾ നടത്തിയതായി കാണുന്നില്ല. 13.02.2017 ന് ശേഷം 2017-18 പദ്ധതി നിർവ്വഹണവുമായി ബന്ധപ്പെട്ട് വർക്കിംഗ് ഗ്രൂപ്പ് യോഗം ചേർന്നതായും കാണുന്നില്ല.

2. പദ്ധതി പ്രകാരം തെരുവ് വിളക്കുകളും അനുബന്ധ ഉപകരണവും ടെണ്ടർ നടപടികളിലൂടെ വാങ്ങുന്നതിനാണ് നിശ്ചയിച്ചിട്ടുള്ളത്. പദ്ധതി ആസൂത്രണം ചെയ്തതിന് വിരുദ്ധമായി കെൽട്രോണിൽ നിന്നും തെരുവ് വിളക്കുകൾ നേരിട്ട് വാങ്ങുകയാണുണ്ടായിട്ടുള്ളത്. നേരിട്ട് വാങ്ങാൻ അനുമതിയുള്ള ക്രൂസ് പോലുള്ള മറ്റ് സ്ഥാപനങ്ങളുടെ വിലനിലവാരവുമായി താരതമ്യപ്പെടുത്തി വാങ്ങലുകൾ ലാഭകരമാണെന്ന് ഉറപ്പ് വരുത്തുന്നതിന് സ്ഥാപനത്തിന് സാധിച്ചിട്ടില്ല.

3. പദ്ധതി പ്രകാരമുള്ള സ്ട്രീറ്റ് മെയിൻ സ്ഥാപിക്കൽ പ്രവൃത്തി ഓഡിറ്റ് തീയതിവരെയും പൂർത്തീകരിച്ചിട്ടില്ല. പൂർത്തീകരണ സാക്ഷ്യപത്രം ലഭ്യമാക്കണമെന്നാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണ കുറിപ്പിന് സെക്രട്ടറി മറുപടി ലഭ്യമാക്കിയിട്ടില്ല.2016-17 ൽ ആസൂത്രണം ചെയ്ത് നിർവ്വഹണം ആരംഭിച്ച പദ്ധതിയിലെ മുൻഗണനാ ക്രമത്തിൽ പ്രഥമ പരിഗണന നൽകേണ്ട സ്ട്രീറ്റ് മെയിൻ സ്ഥാപിക്കാതെയാണ് മറ്റ് പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുള്ളത്. (കെ.എസ്.ഇ.ബി യുമായി കരാർ ചമച്ച തീയതി 11.07.2018).

ടെണ്ടർ നടപടികളിലൂടെ വാങ്ങൽ നടത്തി നിർവ്വഹണം നടത്തുന്നതിന് പകരം നേരിട്ട് വാങ്ങൽ നടത്തിയതിലൂടെ മത്സര സ്വഭാവം ഉറപ്പ് വരുത്തി വാങ്ങലുകൾ ലാഭകരമാക്കുന്നതിന് സ്ഥാപനത്തിന് സാധിച്ചില്ല. ഒരു 20 W എൽ.ഇ.ഡി ലൈറ്റ് (സാധാരണം ) സ്ഥാപിക്കുന്നതിന് 4531 രൂപയാണ് കെൽട്രോൺ ആവശ്യപ്പെട്ടിട്ടുള്ളത്. ( എൽ.ഇ.ഡി ബൾബ്-2632, അനുബന്ധ ഉപകരണങ്ങൾ- 896, സ്ഥാപിക്കുന്നതിനുള്ള നിരക്ക്- 1003, ആകെ 4531 ). നെഗോസിയേഷൻ പ്രകാരം 131 രൂപ കുറവിൽ 4400 രൂപ നിരക്കിലാണ് പ്രവൃത്തി നിർവ്വഹിച്ചിട്ടുള്ളത്. 2016-17 ൽ ആരംഭിച്ച പദ്ധതിയിൽ 2017 നവംബറിലാണ് നിർവ്വഹണം ആരംഭിച്ചിട്ടുള്ളത്. പദ്ധതി നിർവ്വഹണത്തിലുണ്ടായ കാലതാമസമാണ് ടെണ്ടർ നടപടികൾ കൈക്കൊള്ളാതെ നേരിട്ട് വാങ്ങലുകൾ നടത്തുന്നതിന് കാരണമായത്. നേരിട്ട് വാങ്ങുന്നതിന് അനുമതിയുള്ള മറ്റ് സ്ഥാപനങ്ങളുടെ നിരക്കുമായും സമീപ പ്രദേശത്തുള്ള തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ വാങ്ങലുകളുമായും താരതമ്യപ്പെടുത്തി കെൽട്രോണിൽ നിന്നുള്ള വാങ്ങൽ ലാഭകരമാണെന്നത് ഉറപ്പാക്കാൻ സ്ഥാപനം തയ്യാറായിട്ടില്ല. 2 വർഷത്തെ നിർവ്വഹണ കാലപരിധിയുണ്ടായിരുന്ന പദ്ധതി അവസാനത്തെ 5 മാസ സമയം മാത്രം ഉപയോഗപ്പെടുത്തിയാണം നിർവ്വഹണം നടത്തിയിട്ടുള്ളത്. ഓഡിറ്റ് തീയതി വരെയും സ്ട്രീറ്റ്മെയിൻ സ്ഥാപിക്കുന്ന പ്രവൃത്തി പൂർത്തീകരിക്കാത്തതിനാൽ സ്ഥാപിച്ച എൽ.ഇ.ഡി ബൾബുകളുടെ വാറന്റി നഷ്ടപ്പെടുന്നതിനും കാരണമായിട്ടുണ്ട്. പദ്ധതി പ്രവർത്തനങ്ങൾക്ക് ഉചിതമായ ക്രമവും നിർവ്വഹണ കലണ്ടറും തയ്യാറാക്കുന്നതിലും പദ്ധതി സമയബന്ധിതമായി പൂർത്തീകരിക്കുന്നതിലും വർക്കിംഗ് ഗ്രൂപ്പ് വീഴ്ച വരുത്തി. വർക്കിംഗ് ഗ്രൂപ്പിന്റെ ചുമതലാ നിർവ്വഹണത്തിലുണ്ടായ വീഴ്ചകളും പദ്ധതി പ്രവർത്തനങ്ങൾ

നിരീക്ഷിക്കുന്നതിൽ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി വീഴ്ച വരുത്തിയതുമാണ് മേൽ പരാമർശിച്ച അപാകതകൾക്ക് കാരണമായിട്ടുള്ളത്.പദ്ധതി നിർവ്വഹണത്തിൽ വിവിധ ഘടകങ്ങൾ വരുത്തിയ വീഴ്ച പരിശോധിക്കേണ്ടതും അപാകതകൾക്ക് വിശദമായ മറുപടി ലഭ്യമാക്കേണ്ടതുമാണ്.

## 3-6 അസിസ്റ്റന്റ് സെക്രട്ടറി നിർവ്വഹണം നടത്തിയ പദ്ധതികൾ

അസിസ്റ്റന്റ് സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായി 2017-18 ൽ നിർവ്വഹണം നടത്തിയ പദ്ധതികളിൽ (197/18), വീട് പുനരുദ്ധാരണം (പട്ടിക വർഗ്ഗം) (സ്പിൽ ഓവർ പദ്ധതി) നിർവ്വഹണം നടത്തിയതിൽ താഴെ പറയുന്ന അപാകതകൾ കാണുന്നു,

| | |
|---|---|
| പ്രൊജക്റ്റ് നമ്പറും പേരും | 197/17-18 വീട് പുനരുദ്ധാരണം-എസ്.ടി (സ്പിൽ ഓവർ ) |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | അസിസ്റ്റന്റ് സെക്രട്ടറി. |
| അടങ്കൽ തുക | 45000 (ടി.എസ്.പി- ) |
| ചെലവ് | 30000, ബിൽ നം- 6/24.03.2018, |

2016-17 ൽ നിർവ്വഹണം ആരംഭിച്ച പദ്ധതി പ്രകാരം വളയൻ വലിയ പറമ്പത്ത്, കണാരൻ വലിയ പറമ്പത്ത്, ദേവി വലിയ പറമ്പത്ത് വീട്ടിൽ എന്നീ ഗുണഭോക്താക്കൾക്ക് 28.03.2017 തീയതിയിൽ 6/16-17 നമ്പർ ബിൽ പ്രകാരം 15000 രൂപ നിരക്കിൽ ആകെ 45000 രൂപ വിതരണം ചെയ്തിരുന്നു. പദ്ധതി പൂർത്തീകരിക്കാൻ സാധിക്കാത്തതിനാൽ 2017-18 വർഷത്തിൽ പദ്ധതി സ്പിൽ ഓവറായി തുടരുകയായിരുന്നു. 2017-18 ൽ എ.ഇ തയ്യാറാക്കിയ വാല്വേഷൻ സർട്ടിഫിക്കറ്റ് പ്രകാരം വളയൻ വലിയ പറമ്പത്ത്, ദേവി വലിയ പറമ്പത്ത് വീട്ടിൽ എന്നീ ഗുണഭോക്താക്കൾക്ക് 15000 രൂപ വീതം ആകെ 30000 രൂപ വിതരണം ചെയ്തിട്ടുണ്ട്.എന്നാൽ 2016-17 വർഷത്തിൽ മുൻകൂർ തുക കൈപ്പറ്റിയ ശ്രീ.കണാരൻ വലിയ പറമ്പത്ത് എന്ന ഗുണഭോക്താവ് പ്രവൃത്തി പൂർത്തീകരിച്ച് അവസാന ഗഡു കൈപ്പറ്റിയിട്ടില്ല. പ്രസ്തുത ഗുണഭോക്താവ് നിർമ്മിച്ച വീടിന്റെ വാല്വേഷൻ തയ്യാറാക്കിയിട്ടില്ല. ഗുണഭോക്താവുമായി സ്ഥാപനം ഏതെങ്കിലും തരത്തിലുള്ള കരാറിലേർപ്പെട്ടതിന്റെ രേഖകളും ലഭ്യമാക്കിയിട്ടില്ല. സ്പിൽ ഓവർ പദ്ധതി 2017-18 വർഷത്തോടെ അവസാനിച്ചതിനാൽ ഗുണഭോക്താവിന് രണ്ടാം ഗഡു നൽകി പ്രവൃത്തി പൂർത്തീകരിച്ച് പദ്ധതി ലക്ഷ്യം കൈവരിക്കുന്നതിന് സ്ഥാപനത്തിന് സാധിച്ചിട്ടില്ല. പദ്ധതി പ്രവർത്തനങ്ങൾ മോണിറ്റർ ചെയ്യേണ്ട വർക്കിംഗ് ഗ്രൂപ്പ് നിഷ്ക്രിയമായതിനാൽ സമയബന്ധിതമായി പദ്ധതി പൂർത്തീകരിക്കുന്നതിൽ വീഴ്ചയുണ്ടായി. 2 വർഷത്തെ സമയലഭ്യത ഉണ്ടായിരുന്നിട്ട് പോലും 30000 രൂപയുടെ നിർമ്മാണ പ്രവൃത്തികളുടെ പൂർത്തീകരണം ഉറപ്പ് വരുത്തുന്നതിന് സാധിക്കാതിരുന്നത് സ്ഥാപനത്തിന്റെ വീഴ്ചയാണ്.

പദ്ധതിയുടെ മോണിറ്ററിംഗ് ചുമതലയുള്ള വർക്കിംഗ് ഗ്രൂപ്പ് പദ്ധതി നിർവ്വഹണ ഘട്ടത്തിൽ ഏതെങ്കിലും തരത്തിലുള്ള ഇടപെടലുകൾ നടത്തിയിട്ടില്ല. ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി പദ്ധതി പ്രവർത്തനം അവലോകനം ചെയ്യുകയോ വർക്കിംഗ് ഗ്രൂപ്പിന്റെ പ്രവർത്തനം കാര്യക്ഷമമാക്കുകയോ ചെയ്തിട്ടില്ല.

ഗുണഭോക്താവ്, കൈമാറിയ തുകക്ക് ആനുപാതികമായി, പ്രവൃത്തി പൂർത്തീകരിച്ചിട്ടുണ്ടോ എന്ന് പരിശോധിക്കേണ്ടതും ഇല്ലെങ്കിൽ കൈമാറിയ തുക തിരികെ ഈടാക്കി തിരിച്ചടക്കേണ്ടതുമാണ്.

## 3-7 സെക്രട്ടറി നിർവ്വഹണം നടത്തിയ പദ്ധതികളിലെ അപാകതകൾ.

സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായി 2017-18 ൽ നിർവ്വഹണം നടത്തിയ പദ്ധതികളിൽ താഴെ പറയുന്ന അപാകതകൾ കാണുന്നു. അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കണമെന്നാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണ കുറിപ്പിന് മറുപടി ലഭ്യമാക്കിയിട്ടില്ല.

1. പ്രൊ.നം- 1/2018, പദ്ധതി രൂപീകരണം , നിർവ്വഹണം, മോണിറ്ററിംഗ് 250000/219317

20.11.2015 ലെ ജി.ഒ(ആർ.ടി) 551/2015/ഐ&പി.ആർ.ഡി നമ്പർ ഉത്തരവ് പ്രകാരം ഐ & പി.ആർ വകുപ്പ് മുഖേനയോ, നേരിട്ടോ നൽകുന്ന സർക്കാർ വകുപ്പുകളുടെ പരസ്യത്തിന് 15% ഡിസ്കൗണ്ട് അനുവദിക്കണമെന്ന് വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ ടെണ്ടർ പരസ്യം പ്രസിദ്ധീകരിച്ച ഇനത്തിൽ ദേശാഭിമാനി ദിനപത്രത്തിന് അനുവദിച്ച ചുവടെ ചേർത്തിരിക്കുന്ന ബില്ലുകളിൽ നിന്നും സർക്കാർ സ്ഥാപനങ്ങൾക്ക് അർഹമായ മേൽ ഇളവ് ലഭ്യമായിട്ടില്ല.

| ക്രമ നം | ദേശാഭിമാനി ബിൽ നം/തീയതി | ബിൽ തുക | ലഭ്യമാവേണ്ടിയിരുന്ന ഡിസ്കൗണ്ട് തുക |
|---|---|---|---|
| 1 | CLT/2017029910/23.02.2017 | 4400 | 660 |
| 2 | CLT/2017086815/12.08.2017 | 6048 | 907 |
| 3 | CLT/20170911149/09.09.2017 | 5040 | 756 |

ബില്ലുകളിന്മേൽ ചെലവ് തുക അനുവദിക്കും മുൻപ് ആയതിന്റെ ആധികാരികത പരിശോധിക്കുന്നതിൽ സ്ഥാപനം വീഴ്ച വരുത്തിയിട്ടുണ്ട്.

2. 204/2018, എൻ.ആർ.എച്ച്.എം ആയുർവ്വേദ ആശുപത്രിക്ക് മരുന്ന് വാങ്ങൽ 450000/450000.

ആയുർവ്വേദ ആശുപത്രിയിലേക്ക് മരുന്ന് വാങ്ങുന്നതിനായി 450000 രൂപ പിൻവലിച്ച് ഔഷധിക്ക് കൈമാറിയിട്ടുണ്ട്. സ്റ്റോക്ക് രജിസ്റ്റർ ഓഡിറ്റിന് ലഭ്യമാക്കിയിട്ടില്ല. നാളിതുവരെ എത്ര രൂപയുടെ മരുന്ന് ലഭ്യമായിട്ടുണ്ടെന്നത് വ്യക്തമാക്കണമെന്നാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണ കുറിപ്പിന് സ്ഥാപനം മറുപടി ലഭ്യമാക്കിയിട്ടില്ല. വൗച്ചറിനൊപ്പം ഹാജരാക്കിയ ബില്ലുകൾ 2016-17 വർഷത്തേതാണ്. രേഖകൾ ലഭ്യമല്ലാത്തതിനാൽ 450000 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 3-8 കന്നുകുട്ടി പരിപാലനം - വിനിയോഗവിവരം ലഭ്യമാക്കിയില്ല

വെറ്ററിനറി സർജ്ജൻ നടപ്പിലാക്കിയ കന്നുകുട്ടി പരിപാലനം പദ്ധതിക്കായി (പ്രോജക്ട് നമ്പർ 45/18) പഞ്ചായത്തിൽ നിന്ന് വികസന ഫണ്ട് 12,00,000/-രൂപ അസിസ്റ്റന്റ് ഡയറക്ടർ, കാഫ് ഫീഡ് സബ്സിഡി സ്കീം ഓഫീസർക്ക് കൈമാറിയിട്ടുണ്ട്. (ബിൽ നമ്പർ 1/17-18/12.10.2017-3,87,500/-;4/17-18 തീ. 27.02.2018-8,12,500/-). പഞ്ചായത്തിലെ 64 കന്നുകുട്ടികൾക്ക് കാലിത്തീറ്റ ലഭ്യമാക്കുന്നതിനാണ് ഈ പദ്ധതി. പദ്ധതിക്കായി അസിസ്റ്റന്റ് ഡയറക്ടർക്ക് കൈമാറിയ 12,00,000/- രൂപയുടെ വിശദമായ വിനിയോഗ സാക്ഷ്യപത്രം പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല. തയ്യാറാക്കിയ പദ്ധതി പ്രകാരം 31,75,000/- രൂപയാണ് പദ്ധതി അടങ്കൽ.

| പദ്ധതി അടങ്കൽ | | ചെലവ് |
|---|---|---|
| 12,00,000 | വികസനഫണ്ട് ജനറൽ | 8,12,500/- 4/17-18 തീ.27.02.2018<br>3,87,500/- 1/17-18 തീ.12.10.2017 |
| 3,87,500 | സംസ്ഥാനാവിഷ്കൃത ഫണ്ട് | -- |
| 15,87,500 | ഗുണഭോക്തൃവിഹിതം<br>(നേരിട്ട് അടവാക്കുന്നത്) | - |
| 31,75,000 | | 12,00,000/- |

അടങ്കൽ തുകയിൽ സംസ്ഥാന ആവിഷ്കൃത ഫണ്ടും ഉൾപ്പെടുത്തുന്നുണ്ടെങ്കിലും വികസനഫണ്ട് മാത്രമാണ് ചെലവഴിച്ചതായി കാണുന്നത്.

ഓഡിറ്റ് വർഷത്തിലോ, തുടർന്നോ മൃഗ സംരക്ഷണ വർക്കിംഗ് ഗ്രൂപ്പ്, വികസനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി എന്നിവയിൽ ഇതു സംബന്ധിച്ച ചർച്ച നടന്നതായോ പദ്ധതി നടത്തിപ്പിന്റെ മോണിറ്ററിംഗ് നടത്തിയതായോ കാണുന്നില്ല. തുക ഗ്രാമപഞ്ചായത്തിലെ ഗുണഭോക്താക്കൾക്കായി ഉപയോഗപ്പെടുത്തിയതിന്റെ വിനിയോഗ സാക്ഷ്യപത്രവും പദ്ധതിയിൽ പെട്ട കന്നുകുട്ടികളുടെ വളർച്ച സംബന്ധമായ വിവരങ്ങളും, നിലവിൽ ഇവയ്ക്ക് നൽകി വരുന്ന തീറ്റയുടെ അളവും, വർഷങ്ങളായി നടന്നു വരുന്ന ഈ പദ്ധതിയുടെ ഫലമായി പഞ്ചായത്തിലുണ്ടായ പാലുത്പാദനത്തിലെ വർധനാനുപാതവും സംബന്ധിച്ച വിവരങ്ങൾ പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണ്.

## 3-9 പട്ടികവർഗ്ഗവിഭാഗങ്ങൾക്ക് കുടിവെള്ളത്തിനും തൊഴിൽപരിശീലനത്തിനുമായി ലഭിച്ച തുക നാളിതുവരെ വിനിയോഗിച്ചില്ല.

സി.ഡി.എസ് അക്കൗണ്ടിൽ എസ്.ടി സ്വയം തൊഴിൽ പരിശീലനത്തിനായി ലഭിച്ച തുകയിൽ 31-3-2018 ന് പലിശയടക്കം 516808 രൂപ ബാലൻസായുണ്ട്. 20-9-2013നാണ് 450000 രൂപ ട്രയ്ബൽ ഡിപ്പാർട്ട്മെന്റിൽ നിന്നും എസ്.ടി. വിഭാഗങ്ങളിലെ ആശ്രയ അംഗങ്ങൾക്ക് കുടിവെള്ളം,തൊഴിൽ പരിശീലനം എന്നിവ ലഭ്യമാക്കുന്നതിനായി കുടുംബശ്രീ അക്കൗണ്ടിലേക്ക് കൈമാറിയിട്ടുള്ളത്. നാളിതുവരെയായും മേൽ തുക വിനിയോഗിക്കാതെ സി.ഡി.എസ് അക്കൗണ്ടിൽ സൂക്ഷിച്ചിരിക്കുയാണ്. 2017-18 വർഷത്തെ സ്റ്റാറ്റസ് റിപ്പോർട്ടിൽ പട്ടികവർഗ്ഗ വിഭാഗങ്ങളെപ്പറ്റിയുള്ള അടിസ്ഥാന വിവരങ്ങൾ പൂർണ്ണമല്ല എന്നാൽ 2018-19 വർത്തെ സ്റ്റാറ്റസ് റിപ്പോർട്ട് പ്രകാരം പഞ്ചായത്തിൽ 82 കുടുംബങ്ങളിലായി ആകെ 254 പട്ടികവർഗ്ഗ വിഭാഗക്കാരുണ്ട്. ഇവരിൽ 37 കുടുബങ്ങൾ വേനൽക്കാലത്ത് ജലക്ഷാമം നേരിടുന്നതായും, 9 കുടുംബങ്ങൾ വർഷത്തിൽ ആറുമാസം മാത്രം വെള്ളം ലഭിക്കുന്നവരായുമുണ്ട്. മേൽ പട്ടികവർഗ്ഗ അംഗങ്ങളിൽ അർഹരായവരെ കണ്ടെത്തി നാളിതുവരെയായും മേൽ ഫണ്ട് വിനിയോഗിക്കാൻ പഞ്ചായത്തിന് കഴിഞ്ഞിട്ടില്ല എന്നത് ഗ്രാമപഞ്ചായത്തിന്റെ ഭാഗത്തു നിന്നുള്ള ഗുരുതരമായ വീഴ്ചയാണ്.

## 3-10 ഭിന്നശേഷിയുള്ളവർക്ക് സ്കോളർഷിപ്പ്- അർഹമായ തുക നൽകുന്നില്ല

പ്രൊജക്ട് നം. : 36/18

നിർവ്വഹണം : ഐ.സി.ഡി.എസ് സൂപ്പർവൈസർ

ശാരീരിക മാനസിക വെല്ലുവിളി നേരിടുന്നവർക്ക് ഗ്രാമപഞ്ചായത്ത് അംഗീകരിച്ചു നൽകുന്ന ഗുണഭോക്താക്കളുടെ ലിസ്റ്റ് പ്രകാരം സ്കോളർഷിപ്പ് ലഭ്യമാക്കുന്നതിനാണ് മേൽ പ്രൊജക്ട് തയ്യാറാക്കിയിരിക്കുന്നത്. പദ്ധതി നിർവ്വഹണം പരിശോധിച്ചതിൽ ഗുണഭോക്താക്കളുടെ എണ്ണത്തിന് ആനുപാതികമായി ഫണ്ട് വകയിരുത്താത്തതിനാലും, വകയിരുത്തിയതുക മുഴുവൻ ചെലവഴിക്കാത്തതിനാലും ഗുണഭോക്താക്കൾക്ക് അർഹതപ്പെട്ട ആനുകൂല്യം പൂർണ്ണമായും വിതരണം ചെയ്ത് പദ്ധതി പ്രകാരം വിഭാവനം ചെയ്ത പ്രകാരമുള്ള ലക്ഷ്യം കൈവരിക്കുന്നതിന് സ്ഥാപനത്തിന് സാധിച്ചിട്ടില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| വകയിരുത്തിയ സ്ഥാപനം | വകയിരുത്തിയ തുക | ചെലവഴിച്ച തുക |
|---|---|---|
| ഗ്രാമപഞ്ചായത്ത് | 3,36,000<br>(വികസനഫണ്ട് ജനറൽ) | 2,40,000/-(38/17-18 തീ. 16.03.2018)<br>96,000/-(43/17-18 തീ. 21.03.2018) |
| ബ്ലോക്ക് പഞ്ചായത്ത് | 1,68,000 | - |
| ജില്ലാ പഞ്ചായത്ത് | 1,68,000 | 84,000/-(3283093/20.03.2018) |
| ആകെ | 6,72,000 | 4,20,000/- |

47 പേർക്ക് സ്കോളർഷിപ്പ് നൽകുന്നതിനായി ആകെ വകയിരുത്തിയത് 6,72,000/- രൂപയാണ്. ചെലവ് 4,20,000/- രൂപയും. വകയിരുത്തിയ ബ്ലോക്ക് വിഹിതം ചെലവഴിച്ചിട്ടുമില്ല. സർക്കാർ ഉത്തരവ് നം 80/2017 /തസ്വഭവ 03.04.2017ഖ 10.3.4(ബി)പ്രകാരം എല്ലാ ബത്തകളും, ഉല്ലാസ യാത്രാ ചെലവുകൾക്ക് നൽകുന്ന 1000 രൂപയും ഉൾപ്പടെ വാർഷികമായി 28,500 രൂപ നൽകാവുന്നതാണ്. പ്രതിമാസ സ്കോളർഷിപ്പ് 1000 രൂപയും പ്രതിമാസ യാത്രാബത്ത 1000 രൂപ, വസ്ത്രങ്ങൾക്കുള്ള ബത്ത, വിദ്യാഭ്യാസ സാമഗ്രികൾക്കുള്ള ബത്ത എന്നീ ഇനങ്ങളിലെ വാർഷിക ബത്തയായി യഥാക്രമം 1500 രൂപ, 2000രൂപയും ഉല്ലാസ യാത്ര/പഠന പര്യടന ചെലവുകൾക്കുള്ള വാർഷിക ബത്തയായ 1,000 രൂപ അടക്കം 28,500 രൂപ മാനസിക വെല്ലുവിളി നേരിടുന്ന ഒരു കുട്ടിക്ക് യഥാർത്ഥത്തിൽ നൽകാവുന്നതാണ്.

മാനസിക വെല്ലുവിളി നേരിടുന്ന 27 പേരും ശാരീരിക വെല്ലുവിളി നേരിടുന്ന 20 പേരും ഉൾപ്പെടെ 47 പേർക്ക് സ്കോളർഷിപ്പ് വിതരണം ചെയ്യുന്നതിന് ആനുപാതികമായി തുക അടങ്കലിൽ വകയിരുത്തിയിട്ടില്ല. മാനസിക വെല്ലുവിളികൾ നേരിടുന്ന 27 ഗുണഭോക്താക്കൾക്ക് പ്രതിമാസ സ്കോളർഷിപ്പ് തുകയായ 12,000/- രൂപ വീതമാണ് നൽകിയിട്ടുള്ളത്. ഭിന്നശേഷി സ്കോളർഷിപ്പ് നൽകുന്നതിനാവശ്യമായ മുഴുവൻ തുകയും ലഭ്യമാക്കാൻ പര്യാപ്തമായ തുക ബജറ്റിലും പ്രൊജക്റ്റ് തയ്യാറാക്കുന്ന വേളയിലും വകയിരുത്തിയതായി കണ്ടില്ല . കൂടാതെ, ഒരു വർഷം ഈ ഇനത്തിൽ എത്ര രൂപ യഥാർത്ഥ ചെലവ് വരുമെന്ന് കണക്കാക്കി ഏതെങ്കിലും യോഗത്തിൽ നിർവ്വഹണ ഉദ്യോഗസ്ഥ വിഷയം അവതരിപ്പിച്ചതായും കാണുന്നില്ല. 12.04.2017, 29.04.2017 എന്നീ തിയ്യതികളിൽ ചേർന്ന വർക്കിംഗ് ഗ്രൂപ്പുകളിൽ ഇത് സംബന്ധിച്ച നിർദ്ദേശങ്ങൾ ഉയർന്നു വന്നിട്ടില്ല. തുടർന്ന് 12.02.2018 ന് 2017-18 പദ്ധതി രൂപീകരണത്തിന്റെ ആവശ്യാർത്ഥമാണ് വർക്കിംഗ് ഗ്രൂപ്പ് യോഗം ചേർന്നിട്ടുള്ളത്. ഭിന്നശേഷി വിഭാഗക്കാർക്ക് അർഹമായ ധനസഹായം നൽകുന്നതിനാവശ്യമായ തുക വകയിരുത്തുന്നതിനും, മറ്റ് പദ്ധതികളിൽ സമാനമായ ആനുകൂല്യം ലഭ്യമായില്ല എന്ന് ഉറപ്പുവരുത്തി മാനസിക വെല്ലുവിളി നേരിടുന്നവർക്ക് സർക്കാർ നിർദ്ദേശപ്രകാരമുള്ള ആനുകൂല്യം നൽകുന്നതിനായി നടപടി സ്വീകരിക്കുന്നതിലേക്കായി ശ്രദ്ധയിൽപ്പെടുത്തുന്നു.

## 3-11 പാലിയേറ്റീവ് നഴ്സ് ഹോണറേറിയം - വർദ്ധിപ്പിച്ച തുക നൽകുന്നില്ല.

പ്രൊജക്റ്റ് നം. : 144/18

നിർവ്വഹണം : മെഡിക്കൽ ഓഫീസർ(PHC)

പാലിയേറ്റീവ് പരിചരണ പദ്ധതിയിൽ രജിസ്റ്റർ ചെയ്ത രോഗികളുടെ തുടർ ചികിത്സയും പരിചരണവും ഉറപ്പു വരുത്തുന്നതിനായി രൂപീകരിച്ച മേൽ പദ്ധതിയിൽ, പാലിയേറ്റീവ് നഴ്സിന്റെ പ്രതിമാസ ഹോണറേറിയം, വാഹന വാടക, ഹോം കെയർ ടീമിനുള്ള ഭക്ഷണ ചെലവ് എന്നിവ ഉൾപ്പെടുത്തിയിട്ടുണ്ട്. സ.ഉ(സാധാ) 3845/2017/തസ്വഭവ തീ. 29.11.2017 പ്രകാരം ഗ്രാമപഞ്ചായത്തുകളിൽ സേവനമനുഷ്ഠിക്കുന്ന പാലിയേറ്റീവ് നഴ്സുമാരുടെ ഹോണറേറിയം 01.06.2017 പ്രാബല്യത്തിൽ നിലവിലുള്ള 10,000/- രൂപയിൽ നിന്നും 15,000/- രൂപയാക്കി ഉയർത്തിയിട്ടുണ്ട്. എന്നാൽ നിലവിൽ ജോലിചെയ്തു വരുന്ന പാലിയേറ്റീവ് നഴ്സിന് 06/2017 പ്രാബല്യത്തിൽ 15,000/- രൂപ നൽകാമെന്നിരിക്കേ 12/17(ഉത്തരവ് തീയതിക്ക് ശേഷം) മാസം മുതൽ 03/2018 വരെയും 10,000/- രൂപ നിരക്കിലാണ് ഓണറേറിയം നൽകിയിട്ടുള്ളത്. വർദ്ധിപ്പിച്ച നിരക്കിൽ ഓണറേറിയമോ, കുടിശ്ശികയോ നൽകിയിട്ടില്ല. ഓണറേറിയം നൽകിയതിന്റെ വിശദാംശം ചുവടെ ചേർക്കുന്നു.

| മാസം | ഓണറേറിയം | കൈപ്പറ്റിയ തീയതി |
|---|---|---|
| ഏപ്രിൽ | 10,000 | 30.04.2017 |
| മെയ് | 10,000 | 31.05.2017 |
| ജൂൺ | 10,000 | 30.06.2017 |
| ജൂലായ് | 10,000 | 31.07.2017 |
| ആഗസ്റ്റ് | 10,000 | 31.08.2017 |

| | | |
|---|---|---|
| സെപ്റ്റംബർ | 10,000 | 31.08.2017* |
| ഒക്ടോബർ | 10,000 | 30.09.2017* |
| നവംബർ | 10,000 | 30.11.2017 |
| ഡിസംബർ | 10,000 | 30.12.2017 |
| ജനവരി | 10,000 | 31.01.2018 |
| ഫെബ്രുവരി | 10,000 | 28.02.2018 |
| മാർച്ച് | 10,000 | 26.03.2018 |

സ.ഉ(സാധാ)3217/2015/തസ്വഭവ തീ. 29.10.2015 ഖണ്ഡിക പ്രകാരം 2.8.11 പ്രകാരം പാലിയേറ്റീവ് കെയർ നഴ്സിന് പ്രവൃത്തി ചെയ്ത ഓരോ മാസത്തേയും ഓണറേറിയം അടുത്തമാസം 10-ാം തീയതിക്കകം നൽകേണ്ടതാണ് എന്ന് നിഷ്കർഷിക്കുന്നുണ്ട്. എന്നാൽ ഗ്രാമപഞ്ചായത്തിൽ മാസാവസാനമാണ് തുക നൽകിയിട്ടുള്ളത്. (സെപ്റ്റംബർ, ഒക്ടോബർ മാസങ്ങളിൽ തുക നൽകിയതിൽ അപാകതയുണ്ട്.)

ഓഡിറ്റ് നിർദ്ദേശം പാലിക്കേണ്ടതാണ്

## 3-12 കന്നുകാലി ഇൻഷൂറൻസ് - ഗ്രാമസഭ തെരഞ്ഞെടുക്കാത്തവർക്ക് ആനുകൂല്യം നൽകി

ഗ്രാമപഞ്ചായത്തിലെ മുഴവൻ കന്നുകാലികളെയും ഇൻഷൂറൻസ് പരിരക്ഷയിൽ കൊണ്ടുവരിക എന്ന ലക്ഷ്യത്തോടെ വെറ്ററിനറി സർജൻ നടപ്പാക്കിയ പദ്ധതിയുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| | | |
|---|---|---|
| പ്രൊജക്ട് നം. | 56/18 | |
| വകയിരുത്തിയത് | 18700 | വികസനഫണ്ട് ജനറൽ |
| | 18700 | ഗുണഭോക്തൃവിഹിതംസ്ഥാപനത്തിൽ അടയ്ക്കുന്നത് |
| | 125 | തനത് ഫണ്ട് |
| ചെലവ് | 7500/- | 8/17-18 തീ. 20.03.2018 – 1125/- |
| | | 5/17-18 തീ. 27.02.2018 - 6375/- |

20 പശുക്കളെ ഇൻഷ്വർ ചെയ്ത വകയിൽ 15 പേർക്ക് ആനുകൂല്യം നൽകുന്നതിനായാണ് മേൽ പ്രകാരം തുക ചെലവഴിച്ചിരിക്കുന്നത്. എന്നാൽ ഗ്രാമസഭ തെരഞ്ഞെടുക്കാത്ത ചുവടെ ചേർത്ത ഗുണഭോക്താക്കൾക്ക് ആനുകൂല്യം നൽകിയിട്ടുണ്ട്.

| ഗുണഭോക്താവിന്റെ പേര് വിവരം | വാർഡ് | കൈമാറിയ സബ്സിഡി തുക |
|---|---|---|
| ജോസ് കുട്ടി. പി.എം, പടിക്കൽ, കുണ്ടുതോട് | 8 | 375 |

| | | |
|---|---|---|
| കദീശ, അമ്മൻകണ്ടി | 2 | 375 |
| സുലോചന വി. പി, ഐക്കരപ്പറമ്പിൽ<br>പൂതംപാറ | 4 | 375 |

ഇതിൽ, ജോസ് കുട്ടി. പി.എം, പടിക്കൽ എന്നവർ സമർപ്പിച്ച പാസ്സ്ബുക്ക് (KDC Bank)പകർപ്പ് പ്രകാരം അക്കൗണ്ട് നം. 100141201520543 ആണ്. എന്നാൽ തുക കൈമാറിയിരിക്കുന്നത് 100141201520545 നം. അക്കൗണ്ടിലേക്കാണ്.

കൂടാതെ, സ.ഉ(എം.എസ്)80/2017/തസ്വഭവ. തീ.03.04.2017 ഖണ്ഡിക 2.15(i)(ii) പ്രകാരം സർക്കാർ/ അർദ്ധസർക്കാർ/എയ്ഡഡ്/സഹകരണസ്ഥാപനങ്ങളിൽ എന്നിവയിലെ ജീവനക്കാർ, പെൻഷണർ എന്നിവരിൽ ആരെങ്കിലും ഉൾപ്പെടുന്ന കുടുംബം, പൊതുമേഖല/സ്വകാര്യ സ്ഥാപനങ്ങളിലെ സ്ഥിരം ശമ്പളം പറ്റുന്ന ജീവനക്കാർ ഉൾപ്പെടുന്ന കുടുംബം എന്നിവരെ ജനറൽ 1ലക്ഷം/പട്ടികജാതി 2ലക്ഷം രൂപയിൽ കുറവ് വരുമാനമുള്ളവരായി കണക്കാക്കാൻ പാടില്ല. എന്നാൽ ആനുകൂല്യം കൈപ്പറ്റിയ ശ്രീമതി. മാലതി ദേവരാജൻ, തയ്യിൽ എന്നവരുടെ റേഷൻ കാർഡ് (നം. 2161102148) പ്രകാരം മകൻ ശ്രീ. സജേഷ് കേന്ദ്രസർക്കാർ ജീവനക്കാരനാണ്. മറ്റൊരു മകൻ ശ്രീ. സജിത്ത് എന്നവർ പ്രൊഫഷണൽ എന്നും രേഖപ്പെടുത്തി കാണുന്നു.

ബന്ധപ്പെട്ട പ്രൊജക്ടിന്റെ മോണിട്ടറിംഗ് സമിതിയായി പ്രവർത്തിക്കേണ്ട മൃഗസംരക്ഷണം, ക്ഷീരവികസനം വർക്കിംഗ് ഗ്രൂപ്പ് ഇത്തരത്തിലുള്ള അപാകത സംബന്ധിച്ച് യാതൊരുവിധത്തിലുള്ള പരിശോധനയും നടത്തിയതായോ, വർക്കിംഗ് ഗ്രൂപ്പ് മീറ്റിംഗിൽ ഇത്തരം അപാകതകളെ സംബന്ധിച്ച് ചർച്ചകൾ നടന്നതായോ കാണുന്നില്ല. വർക്കിംഗ് ഗ്രൂപ്പ് അവശ്യംചേരേണ്ട യോഗങ്ങൾ കൂടി ചേർന്നിട്ടില്ല. 12.04.2017, 29.04.2017 തീയതികളിൽ വർക്കിംഗ് ഗ്രൂപ്പ് യോഗം ചേർന്നശേഷം 12.02.2018 ന് മാത്രമാണ് യോഗം ചേർന്നിരിക്കുന്നത്. മേൽനോട്ട സമിതിയായി പ്രവർത്തിക്കേണ്ട വികസന കാര്യ സ്റ്റാന്റിംഗ് കമ്മറ്റിയും ഇക്കാര്യം ചർച്ച ചെയ്തതായികാണുന്നില്ല. ഇത്തരം അപാകതകൾ ആവർത്തിക്കാതിരിക്കേണ്ടതും ഗ്രാമസഭ തെരഞ്ഞെടുത്തവർക്ക് ആനുകൂല്യം നൽകുന്നതിനും ശ്രദ്ധിക്കേണ്ടതാണ്.

## 3-13 വീട് വാസയോഗ്യമാക്കൽ - കാലപ്പഴക്കം പരിഗണിക്കാതെ ധനസഹായം നൽകി

പ്രോജക്റ്റ് നം : 64/18

നിർവ്വഹണ ഉദ്യോഗസ്ഥൻ : വി.ഇ.ഒ

വകയിരുത്തിയത് : 1,50,000/-(വികസനഫണ്ട് - SCP)

ചെലവ് : 1,50,000/-(9/17-18 തീ. 15.01.18-50,000/-; 15/17-18 തീ. 12.02.2018, 27/17-18 തീ. 22.03.2018-75,000/-)

സ.ഉ (എം.എസ്)80/17/തസ്വഭവ തീ. 03.04.2017 സബ്സിഡി മാർഗ്ഗരേഖ പ്രകാരം പുതിയ വീട് നിർമ്മിച്ച് കുറഞ്ഞത് 8 വർഷമെങ്കിലുംകഴിഞ്ഞവർക്ക് മാത്രമേ ഈ ധനസഹായത്തിന് അർഹതയുള്ളൂ. ഗ്രാമപഞ്ചായത്തിൽ ധനസഹായം നൽകിയ ഗുണഭോക്താവായ ശ്രീമതി. ജാനു, W/o. പൊക്കൻ, പൊയിലുപറമ്പത്ത് എന്നവരുടെ ഫോം നം 6(സഞ്ചയ പ്രകാരമുള്ളത്) പരിശോധിച്ചതിൽ ഇവരുടെ വീടിന്റെ കാലപ്പഴക്കം 5 വർഷമാണ്. പ്രൊജക്ട് മോണിട്ടർ ചെയ്യേണ്ട ദാരിദ്ര്യ ലഘൂകരണം വർക്കിംഗ് ഗ്രൂപ്പിലോ, മേൽനോട്ട ചുമതലയുള്ള വികസന കാര്യ സ്റ്റാന്റിംഗ് കമ്മറ്റിയിലോ അനർഹരായ ഗുണഭോക്താക്കൾക്ക് ആനുകൂല്യം നൽകിയത് സംബന്ധിച്ച് പരിശോധനയോ ചർച്ചകളോ നടന്നതായി കാണുന്നില്ല. അപാകത ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## ഭാഗം-4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 സംയുക്തപ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രൊജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| ജില്ലാ പഞ്ചായത്ത് | 2017-18 | 804000 | ക്ഷീരഗ്രാമം,മുട്ടക്കോഴിവിതരണം, സ്കോളർഷിപ്പ് | 804000.00 | - |
| ബ്ലോക്ക് പഞ്ചായത്ത് | 2017-18 | 200000 | പാലുൽപാദന ഇൻസെന്റീവ് | 200000.00 | - |

### 4-2 നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടില്ല.

### 4-3 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഓഡിറ്റ് വർഷം മരാമത്ത് പ്രവൃത്തികൾക്ക് മൊബിലൈസേഷൻ അഡ്വാൻസായി ഗുണഭോക്തൃ സമിതികൾക്ക് തുക നൽകിയിട്ടില്ല.

### 4-4 വായ്പ / വായ്പാതിരിച്ചടവ്

-ഇല്ല-

### 4-5 സ്ഥിര നിക്ഷേപം

-ഇല്ല -

### 4-6 ഓഡിറ്റ് റിക്കവറി

ഈയിനത്തിൽ തൻവർഷം ലഭിച്ച തുകയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| റിപ്പോർട്ട് വർഷം | ഭാഗം/ ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേരും ഉദ്യോഗപ്പേരും | രശീത് നമ്പർ തിയ്യതി |
|---|---|---|---|---|
| 1999-2000 | 31,32,33(1), 33(2),42,45 | 23790 | എ.പി.പത്മനാഭൻ, സെക്രട്ടറി, കാവിലുംപാറഗ്രാമ പഞ്ചായത്ത് | 117030100867 തീ.03/07/2018 |

## 4-7 സമാഹൃത ഓഡിറ്റ് റിപ്പോർട്ട്

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടികളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23- വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 1999-2000 | 42 | 2001-02 | 11.12.1 (78,79)7 | വസ്ത്ര നിർമ്മാണം-വനിത കൾക്ക് തൊഴിൽ പരിശീല നം | 1105/- രൂപ കൺവീനറിൽ നിന്നും ഈടാക്കാൻ 2006-08 അക്കൗണ്ട്സ് കമ്മിറ്റി നിർദ്ദേശിച്ചിട്ടുണ്ട് (റിപ്പോർട്ട് നം-2ഖണ്ഡിക 135,136) |
| 1999-2000 | 47 | 2001-02 | 11.12.2 (79) | പട്ടികജാതിക്കാർക്ക് വീട് വയ്ക്കാൻ സ്ഥലം വാങ്ങുന്നതി ന് ധനസഹായം നൽകൽ | അനധികൃതമായി കൈപ്പ റ്റിയ തുക ഈടാക്കണം (റിപ്പോർട്ട് നം-2ഖണ്ഡിക 142) |
| 2000-01 | 3-2 | 2004-05 | 11.1.3.19 | നികുതി കുടിശ്ശിക | - |
| 2001-02 | 3-2 | 2005-06 | 70(14-22) 70(5,6) | നികുതി പിരിക്കുന്നതിൽ | |

| | | | | | |
|---|---|---|---|---|---|
| | | | 6(5) | അലംഭാവം കുടിശ്ശിക വർദ്ധിക്കുന്നു. | |
| 2002-03 | 2-4 | 2006-07 | 3.79.1.9.100 | പിരിച്ചെടുക്കാത്ത തുകകൾ കാലഹരണപ്പെട്ടത് | |
| 2002-03 | 3-4 | 2006-07 | 3.79.1 | ചാത്തങ്കോട്ടുനട പട്ടികവർഗ്ഗ കോളനി പൊതുകിണർ | |
| 2002-03 | 3-7 | 2006-07 | 3.79.18.15.117 | വട്ടിപ്പന കമ്മ്യൂണിറ്റി ഇറിഗേഷൻ പദ്ധതി | |
| 2003-04 | 2-2 | 2006-07 | 3.79.1 | നികുതി കുടിശ്ശിക കാലഹരണപ്പെട്ടു | |
| 2003-04 | 3-5 | 2006-07 | 3.79.1 | കുണ്ടുതോട്ഏ്ലക്കണ്ടി-കുരുടൻ കടവ് കുടിവെള്ള പദ്ധതി | |
| 2003-04 | 3-4(1) | 2006-07 | 3.79.1 | ചീളിയോട് ലിഫ്റ്റ് ഇറിഗേഷൻ പ്രോജക്ട് പ്രവർത്തി പൂർത്തീകരിക്കാതെ അവസാനിപ്പിച്ചു | |
| 2003-04 | 3-4(2) | 2006-07 | 3.79.18.9.116 | കമ്പോസ്റ്റ് പിറ്റ് നിർമ്മാണം-പദ്ധതിലക്ഷ്യം കൈവരിച്ചില്ല. | |

## 4-8 തീർപ്പാക്കാൻ അവശേഷിക്കുന്ന ചാർജ്ജ് /സർചാർജ് നടപടികളുടെ വിവരം

(എ)ചാർജ് നടപടി വഴി ഈടാക്കിയ തുക

| ക്രമ നമ്പർ | റിപ്പോർട്ട് വർഷം | ഖണ്ഡിക നം. | ഉത്തരവാദിയായ ഉദ്യോഗസ്ഥന്റെ പേര്, ഔദ്യോഗിക സ്ഥാനം, ഭരണ വകുപ്പ് | ചാർജ് സർട്ടിഫിക്കറ്റ് | | സ്വയം അടവാക്കിയ തുക (രസീത് നമ്പർ/ തീയതി) | റവന്യൂ റിക്കവറി നടപടിയിലൂടെ ഈടാക്കിയ തുക (തീയതി) | കോടതി വ്യവഹാരങ്ങളിൽ | | ആകെ ലഭ്യമായ തുക | അവശേഷിക്കുന്ന തുക/ബാധ്യത | റിമാർക്ക്സ് |
|---|---|---|---|---|---|---|---|---|---|---|---|---|
| | | | | നമ്പരും തീയതിയും | തുക | | | ഉൾപ്പെട്ട തുക | ഈടാക്കിയ തുക | | | |
| 1 | 2 | 3 | 4 | 5 | 6 | 7 | 8 | 9 | 10 | 11 | 12 | 13 |
| | | | | | | ഇല്ല | | | | | | |

(ബി)സർചാർജ് നടപടി വഴി ഈടാക്കിയ തുക

| ക്രമ നമ്പർ | റിപ്പോർട്ട് വർഷം | ഖണ്ഡിക നം. | ഉത്തരവാദിയായ ഉദ്യോഗസ്ഥന്റെ പേര്, ഔദ്യോഗിക സ്ഥാനം, ഭരണ വകുപ്പ് | സർചാർജ് സർട്ടിഫിക്കറ്റ് | | സ്വയം അട വാക്കിയ തുക (രസീത് നമ്പർ/ തീയതി) | റവന്യൂ റിക്കവറി നടപടി യിലൂടെ ഈടാക്കിയ തുക | കോടതി വ്യവഹാരങ്ങളിൽ | | ആകെ ലഭ്യമായ തുക | അവ ശേഷിക്കുന്ന തുക/ ബാധ്യത | റിമാർക്ക്സ് |
|---|---|---|---|---|---|---|---|---|---|---|---|---|
| | | | | നമ്പരും തീയതിയും | തുക | | | ഉൾപ്പെട്ട | ഈടാക്കിയ | | | |

| | | | | | | | (തീയതി) | തുക | തുക | | | |
|---|---|---|---|---|---|---|---|---|---|---|---|---|
| 1 | 2 | 3 | 4 | 5 | 6 | 7 | 8 | 9 | 10 | 11 | 12 | 13 |
| 1 | 1996-97 | 25,26 | സി. സുധി<br>സെക്രട്ടറി, | LF1241/spl .cell.Sc4/2000 dt.17.01.2001/ 29.01.2001 | 1886 | | | | | | 1886 | |
| 2 | 1997-98 | 30(1)(3)<br>29,<br>30(2)31(1)<br>31(2) | കെ.രേണുക,<br>സെക്രട്ടറി,<br>എൻ.പൊന്നപ്പൻ ആചാരി | LF22266/spl .cell.Sc4/2000 dt.28/08/2002 | 21902,<br>9469 | 20985<br>(20204/76 dt.03/08/2007 | - | - | - | - | 10386 | - |
| 3 | 1999-20000 | 31,32,33(1) (2),42,45,47 | എ.പത്മനാഭൻ, എൽ.ഡി.സി. | LF2291/spl. cell.Sc5(a)/2005 dt.25/09/2006 | 38790 | 9290 (117030100867 dt.03/07/2017<br>15000 (11303400030 dt.21/02/2014) | - | - | - | - | 14500 | - |

## 4-9 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 56566143.00 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 73799808.00 |
| വരവിനങ്ങളിലുള്ള നഷ്ടം | - |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | - |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 450000 |

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| | ഇല്ല | ഇല്ല | |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-7 | 450000 | രാജശ്രീ സി.എച്ച്,സെക്രട്ടറി |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | തുക |
|---|---|
| 3-3(1) | 27978 |

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് / തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ<br>(ഓഡിറ്റ് നടന്ന സമയത്തെ)<br>ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| രാജശ്രീ സി.എച്ച് | സെക്രട്ടറി,<br>ചെക്യാട് ഗ്രാമപഞ്ചായത്ത് | നിയതം,<br>പീറ്റക്കണ്ടി,<br>കോടഞ്ചേരി പി.,<br>പുറമേരി |

## **4-10** തീർപ്പാക്കാനവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് റിപ്പോർട്ട് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം | റിമാർക്സ് |
|---|---|---|---|
| 1996-97 | എൽ.എഫ്.<br>കെ. .കെഡിപി6/1593(8)<br>/09തീ.27/04/2011 | 4 | 25,26,32,33 |
| 1997-98 | എൽ.എഫ്. | 4 | 27,31,32,42 |

| | | | |
|---|---|---|---|
| | കെ.കെ.ഡി.പി6/1593(9)/2009 തീ.27/04/2011 | | |
| 1998-99 | എൽ.എഫ്. കെകെ.ഡി.പി6/1593(10)/2009 തീ.27/04/2011 | 5 | 28,29,36,37,40 |
| 1999-00 | എൽ.എഫ്. കെ.കെ.ഡി.പി 6/782(എ)/2013 തീ.04/06/12 | 8 | 31,32,33(1),33(2),42, 45,47,51 |
| 2000-01 | എൽ.എഫ്. കെ.കെ.ഡി.പി 6/782(എ)/2013 തീ.04/06/12 | 9 | - |
| 2001-02 | എൽ.എഫ്. കെ.കെ.ഡി.പി 6/782(എ)/2013 തീ.04/06/12 | 3 | 3-2,3-4,ഭാഗം1 ബജറ്റ് |
| 2001-02 (ചെലവ്) | എൽ.എഫ്. കെ.കെ.ഡി.പി 6/782(എ)/2013തീ.04/06/12 | 11 | - |
| 2004-05 | എൽ.എഫ്. കെ.കെ.ഡി.പി6 /1120(2)/2009തീ.20/05/2010 | 5 | 3-1,3-3,3-2,3-4,3-5 |
| 2005-06 | എൽ.എഫ്. കെ.കെ.ഡി.പി 6/ 1120(3)/2009തീ.20/05/2010 | 15 | 2-3,2-4(1)(2)(3), 3-1,3-2,3-3(3),3-3(4), 3-3(5)(6)(7)(8), 3-3(9)(10)(11) |

| | | | |
|---|---|---|---|
| 2006-07 | എൽ.എഫ്. കെ.കെ.ഡി.പി 6/ 83/2011തീ.10/05/2011 | 19 | 2-1,2-7,2-8,2-10,3(1) (2),3(5) (1)(2),3-8,3-9,3-10,3-13,3-14, 3-15(എ,ബി),3-16,3-17,3-18 |
| 2007-08 | എൽ.എഫ്. കെ.കെ.ഡി.പി 6/ 1415/2011തീ.02/05/2012 | 19 | 1-1,2-1,2-2,2-5,2-6,2-10,2-11, 3-3,3-4,3-6,3-7, 3-8,3-11,3-12,3-17,3-18,4-3, 4-4,4-5 |
| 2008-09 | എൽ.എഫ്. കെ.കെ.ഡി.പി 6 /1707/2012തീ.23/08/2013 | 9 | 1-3,1-4,2-1,2-6,3-2,3-3, 3-4,3-5,3-7 |
| 2009-10 | എൽ.എഫ്. കെ.കെ.ഡി.പി 6 /1706(1)/2012തീ.15/10/2013 | 4 | 3-7,3-9,3-10,4-7 |
| 2010-11 2011-12 | എൽ.എഫ്. കെ.കെ.ഡി.പി 6 /803/2014തീ.09/03/2015 | 25 | 1-5,2-2, 3(1,2,3,4,5,6,7) 3-8(എബി)1മുതൽ 6 വരെ 3-9,10,11,12,13, 14,15,17,18,4-4,4-5 |
| 2016-17 | കെ.എസ്.എ.കെ.കെ.ഡി.പി.6/ 1644/17തീ.28/02/18 | 9 | 2-1,2-4,3-2,3-6,3-7,3-8, 3-10,3-11,3-15 |

ഡെപ്യൂട്ടി ഡയരക്ടർ,

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

# അനുബന്ധം-1

## ഓഡിറ്റ് സാക്ഷ്യപത്രം

നം:കെ.എസ്.എ.കെ.കെ.ഡി. പി.6/267/2019 തിയതി:15.03.2019

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ, വകുപ്പ്.4, 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(6) 2011ലെ കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങളിലെ ചട്ടം 64 എന്നിവ അനുസരിച്ചും പഞ്ചായത്ത് / നഗരപാലിക സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും 22.05.2018 ലെ (സാധാ)1413/ 2018/ത.സ്വ. ഭ.വ, നമ്പർ സർക്കാർ ഉത്തരവിലെ നിബന്ധനകൾ പ്രകാരവും കോഴിക്കോട് ജില്ലയിലെ കാവിലുംപാറ ഗ്രാമപഞ്ചായത്തിന്റെ 2017-18 സാമ്പത്തിക വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു .

എന്റെ അഭിപ്രായത്തിൽ ഈ റിപ്പോർട്ടിൽ പരാമർശിച്ച അപാകതകൾ ഒഴികെ ഓഡിറ്റിന് ഹാജരാക്കിയ രേഖകൾ പരിശോധിച്ചതിൽ സ്ഥാപനത്തിന്റെ 2017-18 ലെ വാർഷിക ധനകാര്യ പത്രിക കൃത്യവും പൂർണ്ണവുമായ വിവരം നൽകുന്നു.

ഡെപ്യൂട്ടി ഡയറക്ടർ

ജില്ലാ ഓഡിറ്റ് കാര്യാലയം, കോഴിക്കോട്.